بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 1

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly **BADAR** Qadian Malayalam

ലക്കം 39

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2016 ഡിസംബർ 01/ഹി:ശം:1395 ഫത്ഹ് 01/ഹി:ഖ: 1438 സ്വഫർ 30

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 2016 ഒക്ടോബർ 28ന് മസ്ജിദ് ബയ്ത്തുൽ ഇസ്‌ലാം ടൊറൊൺഡോ(Toronto) കാനഡയിൽ ജുമുഅ ഖുത്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്ക്‌ലനാ ഫീ ഉംരിഹീ വ അംരിഹീ.

**ആകാശത്തിൻക്കീഴിൽ വലിയ അക്രമം ഉണ്ടായിരിക്കുന്നു. അതായത് ദൈവനിയോഗിതനായ ഒരാളോടു തോന്നുന്നതൊക്കെ ഇവർ ചെയ്തു. തോന്നിയതൊക്കെ ഇവരെഴുതി.**

**ഈ സത്യമായ സ്വപ്നംകൊണ്ട് മിയാൻ അബ്ദുൽഹക്കീം ഖാന്റെ ഒരു ശ്രേഷ്ഠതയും സ്ഥാപിതമാകുന്നില്ല. കാരണം ഹദ്റത്ത് യൂസുഫിന്റെ കാലഘട്ടത്തിൽ ഫിർഔനും സത്യമായ സ്വപ്നം ഉണ്ടായിരുന്നു. വലിയ വലിയ സത്യനിഷേധികൾക്ക് ചിലപ്പോൾ സത്യമായ സ്വപ്നങ്ങൾ ഉണ്ടാകാറുണ്ട്. അല്ലാഹുവിന്റെ സ്വീകാര്യമായ അറിവ് അദൃശ്യങ്ങളുടെ ആധിക്യവും ഒരു പ്രത്യേക അനുഗ്രഹവുംകൊണ്ടാണ് തിരിച്ചറിയപ്പെടുന്നത്. അല്ലാതെ ഒന്നോരണ്ടോ സ്വപ്നങ്ങൾ കൊണ്ടല്ല.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

അഹോ കഷ്ടം! അല്ലാഹുവിന്റെ ദൃഷ്ടാന്തം വ്യക്തമായ നിലയിൽ പ്രകടമായി. അവയിൽനിന്ന് അവർ ഫലമെടുത്തില്ല. മനസ്സിലാകാത്ത ചില അടയാളങ്ങളെ അവർ ആക്ഷേപത്തിനുള്ള മാർഗമാക്കി. അതുകൊണ്ട് ഇതിന്റെ വിധിയിൽ താമസമുണ്ടാകുകയില്ലെന്ന് എനിക്കറിയാം. ആകാശത്തിൻക്കീഴിൽ വലിയ അക്രമം ഉണ്ടായിരിക്കുന്നു. അതായത് ദൈവനിയോഗിതനായ ഒരാളോടു തോന്നുന്നതൊക്കെ ഇവർ ചെയ്തു. തോന്നിയതൊക്കെ ഇവരെഴുതി. അബ്ദുൽ ഹക്കീം ഖാൻ തന്റെ ചെറുപുസ്തകമായ ദിക്റുൽ ഹക്കീമിന്റെ 45-ാം പേജിൽ എന്നെ കുറിച്ച് ഇങ്ങനെ എഴുതിയിരിക്കുന്നത് അത്ഭുതകരമായ കാര്യമാണ്:'എനിക്ക് താങ്കളിൽനിന്ന് ഒരു ചാഞ്ചാട്ടവുമില്ല. താങ്കൾ മഥിലെ മസീഹാണെന്ന വിശ്വാസംതന്നെയാണുള്ളത്. മസീഹാണ്. മഥിലെ അമ്പിയാ ആണ്." പിന്നീട് അതേ പുസ്തകത്തിന്റെ 12-ാം പേജിൽ 15-ാം വരിമുതൽ 20 വരെ എന്നെ സത്യപ്പെടുത്തിക്കൊണ്ട് വലിയ അക്ഷരങ്ങളിൽ എഴുതിയിരിക്കുന്നതിങ്ങനെയാണ്: 'എന്റെ മാതൃസഹോദരിപുത്രനായിരുന്ന മൗലവി മുഹമ്മദ് ഹസൻബേഗ് ഹുദൂറിന്റെ കഠിന വിരോധിയായിരുന്നു. അദ്ദേഹത്തെ കുറിച്ച് അദ്ദേഹം കാലത്തിന്റെ മസീഹിന്റെ എതിർപ്പിൽ ഉറച്ചുനിന്നാൽ പ്ലേഗ് ബാധിച്ചു നശിക്കുന്നതാണെന്ന് സ്വപ്നത്തിൽ എനിക്കു മനസ്സിലായി. അയാളുടെ താമസവും പട്ടണത്തിനുവെളിയിൽ വായുസഞ്ചാരമുള്ള തുറസ്സായ വീട്ടിലായിരുന്നു. ഈ സ്വപ്നം ഞാൻ അദ്ദേഹത്തിന്റെ സ്വസഹോദരനേയും അമ്മാവനേയും മറ്റു ബന്ധുക്കളേയും കേൾപിച്ചിരുന്നു. ഒരു വർഷത്തിനുശേഷം അയാൾ പ്ലേഗുബാധിച്ചുതന്നെ മരിച്ചു." (നോക്കുക അബ്ദുൽഹക്കീം ഖാന്റെ ലഘുലേഖ, ദിക്റുൽ ഹക്കീം പേജ് 12). ഇനി നോക്കുക. ഒരുഭാഗത്ത് ഈ വ്യക്തി ഞാൻ മസീഹ് മൗഊദാണെന്ന് സമ്മതിക്കുന്നു. സമ്മതിക്കുന്നുവെന്ന് മാത്രമല്ല എന്റെ സത്യത്തെ കുറിച്ച് സത്യമായി പുലർന്ന ഒരു സ്വപ്നവും സമർപിക്കുന്നു.

പിന്നീട് ഇതേ പുസ്തകത്തിന്റെ അവസാനത്തിലും ഇപ്രകാരംതന്നെ തന്റെ പുസ്തകമായ അൽമസീഹുൽ ദജ്ജാലിലും എന്റെ പേര് ദജ്ജാലെന്നും ശയ്ത്വാനെന്നും വെക്കുന്നു. എന്നെ വഞ്ചകനെന്നും നിഷിദ്ധം ചെയ്യുന്നവനെന്നും പെരുങ്കള്ളനെന്നും വിളിക്കുന്നു. അബ്ദുൽഹക്കീം ഖാൻ തന്റെ ഈ വൈരുദ്ധ്യങ്ങളായ വിവരണത്തിൽ കുറച്ചു ദിവസത്തെ വ്യത്യാസംപോലും വെച്ചിട്ടില്ല. ഒരു ഭാഗത്ത് എന്നെ മസീഹ് മൗഊദ് എന്ന് പറഞ്ഞു. തന്റെ സ്വപ്നംകൊണ്ടു എന്നെ സാക്ഷ്യപ്പെടുത്തി. അതിനോടൊപ്പം ദജ്ജാലെന്നും പെരുങ്കള്ളനെന്നും പറഞ്ഞു. എന്തിനങ്ങനെ ചെയ്തു എന്നത് എനിക്ക് പ്രശ്നമല്ല. എന്നാൽ, വ്യക്തമായ വൈരുദ്ധ്യം തന്റെ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ഈ വ്യക്തിയുടെ അവസ്ഥ ഒരു ബുദ്ധിഭ്രമം സംഭവിച്ച മനുഷ്യന്റേതല്ലേ എന്ന് എല്ലാവരും ചിന്തിച്ചു നോക്കേണ്ടതാണ്. ഒരു ഭാഗത്ത് ഞാൻ സത്യമസീഹാണെന്ന് പറയുന്നു. എന്നല്ല എന്നെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് സത്യമായി പുലർന്ന ഒരു സ്വപ്നവും സമർപ്പിക്കുന്നു. മറുഭാഗത്ത് എന്നെ എല്ലാ കാഫിറിനെക്കാളും നിന്ദ്യനായ കാഫിർ എന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. ഇതിനെക്കാൾ വലിയ വൈരുദ്ധ്യം ഇനി ഉണ്ടാകാനുണ്ടോ? എന്നെ കുറിച്ച് അയാൾ പറയുന്ന ന്യൂനത അയാൾ സ്വയം ചിന്തിക്കേണ്ടതാണ്. സ്വപ്നത്തിലൂടെ ഞാൻ സത്യവാനാണെന്ന് സാക്ഷ്യപ്പെടുത്തി കഴിഞ്ഞിരിക്കുന്നു. എന്നല്ല എന്നെ സാക്ഷ്യപ്പെടുത്താൻ അല്ലാഹു ഹസൻ ബേഗിനെ പ്ലേഗുകൊണ്ട് നശിപ്പിക്കുകയും ചെയ്തു.[1]

ഒരു ദജ്ജാലിനുവേണ്ടി അല്ലാഹു അയാളെ നശിപ്പിച്ചോ. അല്ലാഹുവിന് ആ ന്യൂനത അറിയില്ലായിരുന്നോ? ഇരുപത് വർഷത്തിനുശേഷമാണോ അവന് അതറിയാൻ കഴിഞ്ഞത്? [2]

എനിക്ക് ശയ്ത്വാനീ സ്വപ്നങ്ങൾ ഉണ്ടായിട്ടുണ്ടാകും ഇതും ഒരു ശയ്ത്വാനീ സ്വപ്നമായിരുന്നു എന്ന അയാളുടെ ഒഴികഴിവ് സ്വീകാരാർഹമല്ല. എന്തുകൊണ്ടെന്നാൽ, അയാളുടെ പ്രകൃതിതന്നെ അത് ആയതുകൊണ്ട് ശയ്ത്വാനീ സ്വപ്നങ്ങളും ഇൽഹാമുകളും വന്നിട്ടുണ്ടാകുമെന്നേ നമുക്ക് പറയാൻ പറ്റുകയുള്ളൂ.[3]

എന്നാൽ, ഇത് സാത്താനികമായ സ്വപ്നമാണെന്ന് നമുക്ക് സമ്മതിക്കാൻ പറ്റുകയില്ല. കാരണം ശയ്ത്വാന് ആരെയെങ്കിലും നശിപ്പിക്കുന്നതിന് ശക്തിനല്കപ്പെട്ടിട്ടില്ല. അതേ, സാത്താനിക സ്വപ്നങ്ങളും സാത്താനികമായ ഇൽഹാമുകളും എന്നു പറയുന്നത് ഇപ്പോൾ എന്നെ എതിർക്കുന്ന അവസ്ഥയിൽ അയാൾക്കുണ്ടാകുന്നവയാണ്. കാരണം അതിനോടൊപ്പം ദൈവികമായ ശക്തിയുടേതായിട്ട് എന്തെങ്കിലും മാതൃകയില്ല. അതുകൊണ്ട് ശയ്ത്വാൻ അയാളിൽനിന്ന് അകലുന്നതിന് അയാൾ ശ്രമിക്കേണ്ടതാണ്.

1. ഇനി മുഹമ്മദ് ഹസൻ ബേഗിന്റെ ഖബ്റിൽച്ചെന്ന് കരഞ്ഞ് കരഞ്ഞ് എന്റെ സഹോദരാ! നീ നിഷേധത്തിൽ സത്യവാനായിരുന്നു, ഞാൻ കള്ളനും എന്ന് പറയേണ്ടത് അബ്ദുൽഹക്കീം ഖാന് അനിവാര്യമാണ്. എന്റെ പാപം പൊറുത്തുതരികയും ഒരു കദാബിനും ദജ്ജാലിനുംവേണ്ടി എന്തിനാണ് അവൻ നിന്നെ നശിപ്പിച്ചതെന്ന് അല്ലാഹുവിനോടു അന്വേഷിച്ച് എന്നോടു പറയുകയും ചെയ്യുക.
2. ഇക്കാര്യവും ചിന്താർഹമാണ്. ഇരുപത് വർഷംവരെ എഴുത്തിലൂടേയും പ്രസംഗത്തിലൂടേയും എന്നെ പിന്തുണച്ചുകൊണ്ടിരിക്കുകയും എതിരാളികളെ നേരിട്ടുകൊണ്ടിരിക്കുകയും ചെയ്ത വ്യക്തി ഇപ്പോൾ ഇരുപത് വർഷത്തിനുശേഷം ഏതു പുതിയ കാര്യമാണ് അറിഞ്ഞത്. അയാൾ ഏതൊരു പോരായ്മയാണോ എഴുതിയത് അതിന് അയാൾ മറുപടി നല്കിക്കൊണ്ടിരുന്നതുതന്നെയാണ്.
3. മുഹമ്മദ് ഹസൻ ബേഗിന്റെ മരണം പറഞ്ഞിരുന്നതും അതനുസരിച്ച് ഹസൻബേഗ് മരിച്ചതുമായ തന്റെ സ്വപ്നത്തെ ശയ്ത്വാനീ സ്വപ്നം എന്നു പറഞ്ഞതും അബ്ദുൽഹക്കീം ഖാൻ ബുദ്ധിഭ്രമം സംഭവിച്ചയാളാണെന്നതിന് അടയാളമാണ്. എതിർപ്പിന്റെ ആവേശത്തള്ളിച്ച അയാളുടെ ബുദ്ധി നശിപ്പിച്ചുകളഞ്ഞുവെന്ന് മനസ്സിലാകുന്നു. സംഭവങ്ങൾ സത്യമായി തെളിയിച്ചു കാണിച്ചതും അത് അല്ലാഹുവിന്റെ പക്കൽനിന്നുള്ളതാണെന്നതിന് സീലു വെച്ചതുമായ സ്വപ്നം എങ്ങനെ കളവാകാനാണ്. വ്യാജവും വിഷയേച്ഛാപരവുമായ സ്വപ്നങ്ങൾ എന്നു പറയുന്നത് ഇപ്പോൾ അതിന് വിരുദ്ധമായി വരുന്നതാണ്. അതിനുമേൽ ഒരു സത്യതയുടേയും സീലില്ല. എന്നാൽ, ആ സ്വപ്നത്തിൽ അല്പംപോലും ശയ്ത്വാന്റെ കൈകടത്തലില്ല. കാരണം അതൊരു ഭീതിദമായ സംഭവത്തോടുകൂടിയാണ് പുലർന്നത്. മുഹ്‌യ്, മുമീത്ത് എന്നത് അല്ലാഹുവിന്റെ പേരാണ്; ശയ്ത്വാന്റെ പേരല്ല. അതേ, ഈ സത്യമായ സ്വപ്നംകൊണ്ട് മിയാൻ അബ്ദുൽഹക്കീം ഖാന്റെ ഒരു ശ്രേഷ്ഠതയും സ്ഥാപിതമാകുന്നില്ല. കാരണം ഹദ്റത്ത് യൂസുഫിന്റെ കാലഘട്ടത്തിൽ ഫിർഔനും സത്യമായ സ്വപ്നം ഉണ്ടായിരുന്നു. വലിയ വലിയ സത്യനിഷേധികൾക്ക് ചിലപ്പോൾ സത്യമായ സ്വപ്നങ്ങൾ ഉണ്ടാകാറുണ്ട്. അല്ലാഹുവിന്റെ സ്വീകാര്യമായ അറിവ് അദൃശ്യങ്ങളുടെ ആധിക്യവും ഒരു പ്രത്യേക അനുഗ്രഹവുംകൊണ്ടാണ് തിരിച്ചറിയപ്പെടുന്നത്. അല്ലാതെ ഒന്നോരണ്ടോ സ്വപ്നങ്ങൾ കൊണ്ടല്ല. (ഹഖീഖത്തുൽ വഹ്‌യ് റൂഹാനീ ഖസായിൻ വാല്യം 22 പേജ് 190-192)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

# അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ)

ഭാഗം-4

- ഹാഫിസ് മുസഫർ അഹ്മദ്

**പരലോകചിന്ത:**
ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) മദീനയിൽ വന്നതിനുശേഷം ഒരിക്കൽ സുഖമില്ലാതെയായി. പെട്ടെന്ന് അദ്ദേഹത്തിൽ പരിഭ്രമം പ്രകടമായി. ഒരു അസുഖത്തിലും അങ്ങനെയൊരു അവസ്ഥ അദ്ദേഹത്തിൽ ഉണ്ടായിട്ടുള്ളതായി തങ്ങൾ കണ്ടിട്ടില്ലെന്ന് സ്വഹാബത്ത് പറഞ്ഞു. അദ്ദേഹം പറഞ്ഞു, 'ഈ രോഗം എന്നെ പെട്ടെന്ന് അമർത്തിക്കളഞ്ഞു. പരലോക യാത്രയ്ക്ക് തയ്യാറെടുത്തിട്ടുള്ളവനായി ഞാനിപ്പോൾ എന്നെ കാണുന്നില്ല. അതുകൊണ്ടാണ് ഞാൻ വിഷമിക്കുന്നത്.'

**സമ്പത്തിൽ ലാളിത്യം:**
അവസാന കാലത്ത് ദൈവകൃപയാൽ അദ്ദേഹത്തിന്റെ സാമ്പത്തിക നില വളരെ മെച്ചപ്പെട്ടു. കിട്ടിക്കൊണ്ടിരുന്ന സ്റ്റൈഫന്റ് അദ്ദേഹം വേണ്ടെന്ന് പറഞ്ഞു. വയസ്സുകാലത്ത് അദ്ദേഹത്തിന്റെ സ്വത്ത് തൊണ്ണൂറായിരം ദിർഹമായിരുന്നു. എങ്കിലും അദ്ദേഹം തന്റെ മയ്യിത്ത് പൊതിയാനുള്ള തുണിയെ സംബന്ധിച്ച് ഇങ്ങനെ വസിയ്യത്ത് ചെയ്തു: 'തുണി വളരെ ലളിതമായിരിക്കണം. മുന്തിയതാകരുത്.' അതുപോലെ തന്നെ അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചു: 'ഉഥ്മാൻ ബിൻ മള്ഊന്റെ അടുത്ത് എന്നെ ഖബ്റടക്കണം.' ആരംഭകാലത്ത് ഇസ്ലാമിൽ ചേരുകയും ത്യാഗങ്ങൾ വരിക്കുകയും യുവത്വത്തിൽതന്നെ അല്ലാഹുവിന് പ്രിയപ്പെട്ടവനായിത്തീരുകയും ചെയ്ത വ്യക്തിയായിരുന്നു ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ (റ).

**അന്ത്യയാത്രയും വസിയ്യത്തും:**
ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) വഫാത്താകുന്നതിന് കുറച്ചു ദിവസംമുമ്പേ ഒരാൾ മദീനയിൽവന്നിട്ട് താൻ കണ്ട ഒരു സ്വപ്നം അദ്ദേഹത്തെ കേൾപ്പിച്ചു. 'നബി(സ)തിരുമേനി ഉയർന്ന പീഠത്തിൽ ഇരിക്കുകയാണ്. താഴെ ഇരുന്ന അങ്ങയോടു നബി(സ)പറഞ്ഞു, 'എന്റെ കാലശേഷം താങ്കൾക്ക് പലവിധ ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ടെങ്കിലും താങ്കൾ ഇനി എന്റെയടുത്ത് വരിക.' ആഗതന്റെ സ്വപ്ന വിവരം കേട്ട് ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) ചോദിച്ചു: 'അല്ലാഹു സാക്ഷി. താങ്കൾ ഇപ്രകാരം സ്വപ്നം കണ്ടുവോ?' അദ്ദേഹം തന്റെ സ്വപ്നം താൻ കണ്ടതാണെന്ന് പറഞ്ഞപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) പറഞ്ഞു, 'ഇനി എന്റെ മയ്യിത്ത് നമസ്കരിക്കാതെ താങ്കൾ ഇവിടെനിന്ന് പോകരുത്.' കുറച്ചുദിവസങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹം വഫാത്താകുകയും ചെയ് തു. ഈ സംഭവം ഹിജ്റ 32 ലാണ് നടന്നത്. അന്ന് അദ്ദേഹത്തിന്റെ പ്രായം 60 ൽ അല്പം കൂടുതലായിരുന്നു. ഹദ്റത്ത് ഉഥ്മാൻ(റ) അദ്ദേഹത്തിന്റെ ജനാ സ നമസ്കരിപ്പിച്ചു. ജന്നത്തുൽബഖീഇൽ ഖബ്റടക്കി. തന്റെ അടിമകളോട് നന്മ കാണിക്കണമെന്ന് അദ്ദേഹം അവസാനം ചെയ്ത വസിയ്യത്തിലും നിർദേശിച്ചിരുന്നു. നിസ്സാര തുകയായ 500 ദിർഹമാണ് ഒരടിമ തരുന്നതെങ്കിൽപോലും അവനേയും സ്വതന്ത്രനാക്കണമെന്ന് അദ്ദേഹം പറഞ്ഞു. മദീനയിൽ ചെന്നതിനുശേഷം നബി(സ)തിരുമേനി ദീനീ സഹോദരനാക്കിക്കൊടുത്ത ഹദ്റത്ത് സുബയ്ർ ബിൻ അവാം(റ)നോടുള്ള സാഹോദര്യബന്ധത്തിന്റെ കടമയും ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) നല്ലവണ്ണം നിറവേറ്റി. അദ്ദേഹത്തെ പൂർണമായും വിശ്വസിച്ചുകൊണ്ട് വസിയ്യത്തു ചെയ്തു: "എന്റെ മുഴുവൻ സ്വത്തിന്റേയും മേൽനോട്ടവും ചുമതലയും ഹദ്റത്ത് സുബയ്ർ ബിൻ അവാമിനും അദ്ദേഹത്തിന്റെ മകൻ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുബയ്റിനുമായിരിക്കും. കുടുംബകാര്യങ്ങളിൽ അവരുടെ തീരുമാനം അന്ത്യവും നടപ്പാക്കപ്പെടേണ്ടതുമായിരിക്കും. ഒരു മകളുടേയും വിവാഹം അവരുമായി കൂടിയാലോചിക്കാതെ നടക്കാൻ പാടുള്ളതല്ല. എന്നാൽ, അദ്ദേഹത്തിന്റെ ഭാര്യ സയ്നബിന്റെമേൽ ഒരു തരത്തിലുള്ള നിയന്ത്രണവും ഉണ്ടാകുകയില്ല.

**ഉത്കൃഷ്ട സ്വഭാവം:**
ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) വഫാത്തായപ്പോൾ ഹദ്റത്ത് അബൂമൂസാ(റ)ഹദ്റത്ത് അബൂമസ്ഊദ്(റ)നോടു പറഞ്ഞു: 'ഹദ്റത്ത് അബ് ദുല്ലാഹിബ്നു മസ്ഊദ്(റ) തന്റെ ശേഷം അദ്ദേഹത്തെപ്പോലെ സൽസ്വഭാവിയായ ആരെയെങ്കിലും വിട്ടിട്ടുണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടോ?' ഹദ്റത്ത് അബൂമസ്ഊദ്(റ)പറഞ്ഞു: 'ഈ ഭാഗ്യം യഥാർഥത്തിൽ അദ്ദേഹത്തിനുമാത്രമേ ലഭിച്ചിട്ടുള്ളൂ. നബി(സ)തിരുമേനിയുടെ വീട്ടിൽ ഞങ്ങൾക്കു പോകാൻ കഴിയാതിരുന്നപ്പോഴും അദ്ദേഹത്തിന് അവിടെപ്പോകാനും നബി(സ)യുടെ സഹവാസത്തിൽനിന്ന് നന്മ നേടാനും ഭാഗ്യം കിട്ടിയിരുന്നു.
ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) വലിയ ഭക്തനും ആത്മപരിത്യാഗിയുമായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ്വഹാബാക്കൾക്കിടയിൽ അദ്ദേഹത്തിന് ഒരു പ്രത്യേകസ്ഥാനമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സഹവാസത്തിൽ ഇരിക്കാറുണ്ടായിരുന്ന ഹദ്റത്ത് തമീം ബിൻ ഹറാം(റ)പറയുന്നു: 'ഞാൻ ഒരുപാടു സ്വഹാബാക്കളുടെ സദസ്സുകളിൽ ഇരുന്നിട്ടുണ്ട്. എന്നാൽ, ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന്റെ ദുൻയാവിനോടുള്ള വിരക്തിയുടേയും ആഖിറത്തിനോടുള്ള അനുരക്തിയുടേയും പ്രൗഢി ഒന്നു വേറെതന്നെയായിരുന്നു. അദ്ദേഹത്തിന്റെ ഈ ശൈലിയും രീതിയും എനിക്കു വളരെ ഇഷ്ടപ്പെട്ടിരുന്നു. നാലു മഹാന്മാരായ സ്വഹാബാക്കളിൽനിന്ന് വിശുദ്ധ ഖുർആൻ പഠിക്കാൻ നബി(സ)തിരുമേനി നിർദേശിച്ചിരുന്നു. അതിൽ ഒന്നാമത്തെ പേര് ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന്റേതായിരുന്നു. ഇതിൽനിന്ന് അദ്ദേഹത്തിന്റെ ജ്ഞാനം നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ. ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഉമർ(റ) പറയാറുണ്ടായിരുന്നു, ഖുർആൻ പഠിപ്പിക്കേണ്ടുന്നവരിൽ ഒന്നാമതായി ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന്റെ പേര് നബി(സ) തിരുമേനിയിൽനിന്ന് കേട്ടതുമുതൽ എനിക്ക് അദ്ദേഹത്തിനോടു ഹൃദയംഗമമായ സ്നേഹമുണ്ട്.

**ജ്ഞാനപരമായ പദവി:**
ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന്റെ ജ്ഞാനപരമായ പദവിയും നിലയും എത്രയായിരുന്നുവെന്ന് ഈ ഒരു കാര്യത്തിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. ഹദ്റത്ത് മആദ് ബിൻ ജബലി(റ)ന്റെ മരണം ആസന്നമായപ്പോൾ തങ്ങൾക്കെന്തെങ്കിലും ഉപദേശം നല്കാൻ ആളുകൾ അദ്ദേഹത്തോടു പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു, 'ജ്ഞാനത്തിനും വിശ്വാസത്തിനും ഒരു വിലയും നിലയുമുണ്ട്. അതിന്റെ സമ്പാദനത്തിനായി അധ്വാനിക്കുന്നവർ വിജയിക്കുന്നു. ജ്ഞാനവും വിശ്വാസവും പഠിപ്പിക്കാൻ ഹദ്റത്ത് മആദ് ബിൻ ജബൽ(റ) പാണ്ഡിത്യമനുസരിച്ച് കർമം ചെയ്യുന്ന നാലു മഹാത്മാക്കളുടെ പേരെടുത്ത പറഞ്ഞതിൽ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) ന്റെ പേരും ഉണ്ടായിരുന്നു. അല്ലാഹു ഇബ്നു മസ്ഊദിന് മതവിജ്ഞാനവും കറിധാനത്തിന്റെ ഉൾക്കാഴ്ചയും നല്കി അനുഗ്രഹിച്ചിരുന്നു. അതുമുഖേന അദ്ദേഹം സമുദായത്തെ മുന്നോട്ടു നയിക്കാറുണ്ടായിരുന്നു.

(തുടരും)

## വിശുദ്ധ ഖുർആൻ

ഡോക്ടർ മുബാറക്ക മുഹമ്മദ്

അന്യർക്ക് രാവിൽ ശശാങ്ക ബിംബം
അന്ധകാരത്തിൽ വെളിച്ചമേകി
വാനിൽ തെളിയുന്നു തെല്ലുനേരം
വീണ്ടും മറയുന്നനന്തതയിൽ

പക്ഷേ. മുസൽമാന് ഋതുഭേദമെന്യെ
പാരിൽപരക്കും തമസ്സകറ്റാൻ
ശീതള ചന്ദ്രിക വീശി നില്പൂ
ശ്രേഷ്ഠമാം ഗ്രന്ഥം വിശുദ്ധ ഖുർആൻ

ജീവിതം സംഘർഷപൂരിതമായ്
ചിന്തകൾ സന്ദേഹനിർഭരമായ്
ത്തീർന്നിടുംനേരം മനുജന്നിതാ
താങ്ങും തണലും വിശുദ്ധ ഖുർആൻ

നിത്യ സത്യങ്ങളാം സൂനങ്ങൾതൻ
നിസ്തുല സൗരഭ്യവാഹകരായ്
സ്വർഗീയാരാമത്തിൽ വീശിയെത്തും
സ്വച്ഛന്ദ മാരുതനല്ലോ വിശുദ്ധ ഖുർആൻ

അജ്ഞതയാകും ഘോരാന്ധകാരം
ആകാശ ഭൂമികൾ ചൂഴ്ന്നു നില്ക്കെ
ദിവ്യ പ്രകാശം ചൊരിഞ്ഞു നല്കും
ദിവ്യാൽഭുതംതന്നെ വിശുദ്ധ ഖുർആൻ

മാനവരാശിക്ക് മേന്മനൽകി
മന്നിൽ പ്രയാണം സുഗമമാക്കി
സ്വർഗ്ഗാവകാശികളാക്കി മാറ്റും
സമ്പൂർണ്ണഗ്രന്ഥം വിശുദ്ധ ഖുർആൻ

ദൈവത്തിനസ്തിത്വമേകത്വവും
ദൈവപ്രോക്തങ്ങളാം സൂക്തങ്ങളാൽ
ഉച്ചൈസ്തരം ജനകോടികളാൽ
ഉൽഘോഷിച്ചീടും വിശുദ്ധ ഖുർആൻ

മാസ്മര്യമൂറും വചനങ്ങളാം
മുത്തും പവിഴവുംകോർത്തിണക്കി
മുത്തുനബിയിലവതരിച്ചു
മഅ്രിഫത്താകും വിശുദ്ധ ഖുർആൻ

**Website Design & Online Marketing**
Google SEO I Website Design I Social Media I Graphic Design
Call 0828 173 6451 Email: admin@dsignsworld.com
www.dsignsworld.com
DSIGNS WORLD

C.M HIDAYATHULLAH 9447029141, 9946631222
CITYLINK TRAVEL CORPORATION
Linking Destinations
Noor Complex, 3rd Floor, Mavoor Road, Calicut, Kerala
email: citylinkccj@gmail.com
Air Ticket, Visa Service, Attestation, Emigration, Train Ticket

## ഖുത്ബ ജുമുഅ

**കേവലം കുട്ടികളെ വഖ്ഫിനുവേണ്ടി സമർപിക്കുന്നതുകൊണ്ട് മാതാപിതാക്കളുടെ ഉത്തരവാദിത്വം അവസാനിക്കുന്നില്ല. മറിച്ച് മുമ്പേയുള്ളതിനെക്കാൾ കൂടുകയാണ് ചെയ്യുന്നത്. ജമാഅത്തിന്റെ എല്ലാ കുട്ടികളും പ്രത്യേകിച്ച് വഖ്ഫെ നൗ കുട്ടി ജമാഅത്തിന്റെപക്കൽ അമാനത്താണെന്ന കാര്യം ഓർക്കേണ്ടതാണ്. അവർക്ക് ശിക്ഷണം നല്കേണ്ടതും അവരെ ജമാഅത്തിന്റേയും സമൂഹത്തിന്റേയും നല്ലഭാഗമാക്കേണ്ടതും മാതാപിതാക്കളുടെ നിർബന്ധ കടമയാണ്.**

**തങ്ങൾ വഖ്ഫു ചെയ്താൽ ഭൗതികമായ നിലയിൽ എങ്ങനെ ജീവിക്കുമെന്ന വിചാരം ഒരു വഖ്ഫെ നൗ കുട്ടിക്കും ഉണ്ടാകാൻ പാടില്ല. അല്ലെങ്കിൽ മാതാപിതാക്കളെ സാമ്പത്തികമായി എങ്ങനെ സഹായിക്കുമെന്നോ മറ്റു വിധത്തിൽ ശാരീരമായി എങ്ങനെ സഹായിക്കുമെന്നോ എന്ന ദുർബോധനം മനസ്സിലുണ്ടാകാൻ പാടില്ല. തങ്ങളുടെ വിദ്യാഭ്യാസം പൂർത്തിയാക്കി കഴിഞ്ഞിട്ടുള്ള വാഖ്ഫീനെ നൗയിലെ ആൺകുട്ടികൾ സ്വയം തങ്ങളുടെ ബാഹ്യവും സാമ്പത്തികവുമായ അവസ്ഥ മെച്ചപ്പെടുത്തുന്നതിനുപകരം ആത്മീയമായ അവസ്ഥ മെച്ചപ്പെടുത്താൻ ശ്രമിക്കുക. വാഖ്ഫീനെ നൗ തങ്ങളുടെ 'ഖനാഅത്തി'(ഉള്ളതിൽ തൃപ്തിപ്പെടൽ)ന്റേയും ത്യാഗങ്ങളുടേയും നിലവാരങ്ങളെ ഒരുപാട് വർധിപ്പിക്കേണ്ടതാണ്. വാഖ്ഫീനെ നൗ തങ്ങളുടെ ത്യാഗങ്ങളുടെ നിലവാരം ഉയർത്തേണ്ടതാണ്.**

**വാഖ്ഫീനെ നൗ ത്യാഗങ്ങളുടെ നിലവാരം ഉയർത്തുന്നതിനോടൊപ്പം തങ്ങളുടെ ആരാധനകളുടെ നിലവാരവും ഉയർത്തേണ്ടതാണ്. തങ്ങളുടെ കൂറിന്റെ ബന്ധവും ഉയർത്തേണ്ടതാണ്. തങ്ങളുടേയും തങ്ങളുടെ മാതാപിതാക്കളുടേയും പ്രതിജ്ഞ പൂർത്തിയാക്കുന്നതിനുവേണ്ടി എല്ലാ കഴിവുകളും ശക്തികളും ഉപയോഗിച്ച് പണിയെടുക്കാൻ ശ്രമിക്കേണ്ടതാണ്. ദീനിനുവേണ്ടി പണിയെടിക്കാൻ ശ്രമിക്കേണ്ടതാണ്. ദീനിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കാൻ ശ്രമിക്കേണ്ടതാണ്. അപ്പോഴാണ് അല്ലഹുവും അനുഗ്രഹിക്കുന്നത്. പ്രതിഫലം നല്കാതെ അല്ലാഹു ആരേയും വിട്ടുകളയുകയില്ല.**

**മതവിദ്യാഭ്യാസത്തിന്റെ കാലഘട്ടത്തിൽ, ഭൗതിക വിദ്യാഭ്യാസത്തിന്റെ കാലഘട്ടത്തിൽ, വിവിധ കാലഘട്ടങ്ങളിലൂടെ കടന്നുപോകുന്ന നേരത്ത് സ്വയം തീരുമാനിക്കുന്നതിനുപകരം ഏതു ലൈനിലാണ് പോകേണ്ടതെന്ന് ജമാഅത്തിനോടു ചോദിക്കുക. ലൈൻ തിരഞ്ഞെടുക്കുന്നതിനെ സംബന്ധിച്ച് ഞാൻമുമ്പേയും പറഞ്ഞതുപോലെ ആൺകുട്ടികൾ ജാമിആകളിൽപ്പോയി മുബല്ലിഗും മുറബ്ബിയുമാകാൻ മുൻഗണന നല്കുക.**

**തങ്ങളുടെ മക്കൾ ജമാഅത്തു വ്യവസ്ഥിതിയുമായ ബന്ധപ്പെട്ടിരിക്കണമെന്ന് ആഗ്രഹിക്കുന്ന മാതാപിതാക്കൾ തങ്ങളുടെ വീടിനെ അഹ്മദീ വീടാക്കേണ്ടതാണ്. ലൗകികരുടെ വീടാക്കരുത്. ഇല്ലെങ്കിൽ അടുത്ത തലമുറ ഭൗതികതയിൽ പതിച്ച് അഹ്മദിയ്യത്തിൽനിന്ന് ദൂരപ്പെട്ടുപോകുമെന്നു മാത്രമല്ല അല്ലാഹുവിൽനിന്നും അകന്നുപോകുന്നതാണ്. തങ്ങളുടെ ദുൻയാവും ആഖിറത്തും രണ്ടും തകർത്തുകളയുന്നതാണ്.**

**എല്ലാ അഹ്മദികൾക്കും പ്രത്യേകിച്ച് വഖ്ഫെ നൗ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും സുപ്രധാനമായ ഉപദേശങ്ങൾ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2016 ഒക്ടോബർ 28/1395 ഇഖാ 28,**
**മസ്ജിദ് ബയ്ത്തുൽ ഇസ്ലാം ടൊറൊൺഡോ (Toronto)കാനഡ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۔ اَلرَّحْمٰنِ الرَّحِيْمِ ۔ مٰلِكِ يَوْمِ الدِّيْنِ ۔

اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ۔ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۔

صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۔

അല്ലാഹുവിന്റെ കൃപയാൽ കുട്ടികളെ വഖ്ഫ് ചെയ്യാനുള്ള താൽപര്യം ജമാഅത്തുകളിൽ വർധിച്ചുകൊണ്ടിരിക്കുന്നു. നിത്യവും എനിക്ക് മാതാപിതാക്കളിൽനിന്ന് കത്തു ലഭിച്ചുകൊണ്ടിരിക്കുന്നു. ചില ദിനങ്ങളിൽ അതിന്റെ എണ്ണം ഇരുപതും ഇരുപത്തഞ്ചുമാകുന്നു. ഇതിൽ മാതാപിതാക്കൾ തങ്ങൾക്കുണ്ടാകാൻപോകുന്ന കുട്ടികളെ വഖ്ഫെ നൗ പദ്ധതിയിൽ ചേർക്കാൻ അപേക്ഷിക്കുന്നു. ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്)ഈ പദ്ധതി ആഹ്വാനം ചെയ്തപ്പോൾ ഇത് സ്ഥിരമായിട്ടുള്ളതായിരുന്നില്ല. പിന്നീട് അദ്ദേഹം അത് സ്ഥിരമാക്കിയതാണ്. ജമാഅത്തും പ്രത്യേകിച്ച് ഉമ്മമാർ ഇതിന് എല്ലാ രാജ്യത്തും ലബ്ബൈക്ക് പറഞ്ഞു. ഇന്നേക്ക് 12, 13 വർഷം മുമ്പേ ഈ ഭാഗത്തേക്ക് ജമാഅത്ത് ശ്രദ്ധിച്ച കാരണത്താൽ ഇവരുടെ എണ്ണം 28000ന് മീതെയായിരുന്നു. ഇപ്പോൾ ഈ എണ്ണം അല്ലാഹുവിന്റെ കൃപയാൽ 61000ന് അടുത്തെത്തി കഴിഞ്ഞിരിക്കുന്നു. ഇവരിൽ 36000ലധികം ആൺകുട്ടികളാണ്. ബാക്കിയുള്ളത് പെൺകുട്ടികളും. അതായത് കാലത്തിനൊപ്പം തങ്ങളുടെ കുട്ടികളെ അവർ ജനിക്കുന്നതിനുമുമ്പേ വഖ്ഫ് ചെയ്യണമെന്ന താൽപര്യവും വർധിച്ചുകൊണ്ടിരിക്കുന്നു.

പക്ഷേ, കേവലം കുട്ടികളെ വഖ്ഫിനുവേണ്ടി സമർപിക്കുന്നതുകൊണ്ട് മാതാപിതാക്കളുടെ ഉത്തരവാദിത്വം അവസാനിക്കുന്നില്ല. മറിച്ച് മുമ്പേയുള്ളതിനെക്കാൾ കൂടുകയാണ് ചെയ്യുന്നത്. ഒരു അഹ്മദികുട്ടിയുടെ ശിക്ഷണം മാതാപിതാക്കളിലാണെന്നതിന് സംശയമില്ല. മാതാപിതാക്കൾതന്നെയാണ് തങ്ങളുടെ കുട്ടികളുടെ ഗുണമാഗ്രഹിക്കുന്നത്. ദീനീപരമായി താൽപര്യമുള്ള മാതാപിതാക്കളാണെങ്കിൽ അവരുടെ ഭൗതികവിദ്യാഭ്യാസവും ആഗ്രഹിക്കുന്നു. ശിക്ഷണവും ആഗ്രഹിക്കുന്നു. മതവിദ്യാഭ്യാസവും ആഗ്രഹിക്കുന്നു. ജമാഅത്തിന്റെ എല്ലാ കുട്ടികളും പ്രത്യേകിച്ച് വഖ്ഫെ നൗ കുട്ടി ജമാഅത്തിന്റെപക്കൽ അമാനത്താണെന്ന കാര്യം ഓർക്കേണ്ടതാണ്. അവർക്ക് ശിക്ഷണം നല്കേണ്ടതും അവരെ ജമാഅത്തിന്റേയും സമൂഹത്തിന്റേയും നല്ല ഭാഗമാക്കേണ്ടതും മാതാപിതാക്കളുടെ നിർബന്ധ കടമയാണ്. പക്ഷേ, വഖ്ഫെ നൗ കുട്ടികളുടെ ശിക്ഷണം അവരുടെ മതപരവും ഭൗതികവുമായ വിദ്യാഭ്യാസത്തിൽ പ്രത്യേക ശ്രദ്ധ, അവരെ നല്ല നിലയിൽ തയ്യാറാക്കി ജമാഅത്തിനുകൊടുക്കൽ തുടങ്ങിയതിന്റെ അടിസ്ഥാനത്തിലും ഉത്തരവാദിത്വമുണ്ടാകുന്നു. ജനിക്കുന്നതിനുമുമ്പേ മാതാപിതാക്കൾ ഇങ്ങനെ പ്രതിജ്ഞ ചെയ്യുന്നു: 'ഞങ്ങൾക്ക് ആൺകുഞ്ഞ് പിറന്നാലും പെൺകുഞ്ഞ് പിറന്നാലും അല്ലാഹുവിനും അല്ലാഹുവിന്റെ ദീനിനും നബി(സ)തിരുമേനിയുടെ സത്യവാനായ ദാസന്റെ മിഷന്റെ സമ്പൂർത്തീകരണത്തിനും വേണ്ടി സമർപിക്കുന്നു.-അത് സന്മാർഗപ്രചാരണ പൂർത്തീകരണത്തിനും ഇസ്ലാമികാധ്യാപനം ലോകത്ത് വ്യാപിപ്പിക്കുന്നതിനും അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിന് ലോകത്തിന്റെ ശ്രദ്ധക്ഷണിക്കുന്നതിനും പരസ്പരമുള്ള കടമകൾ നിറവേറ്റാനുള്ള ഇസ്ലാമികാധ്യാപനം ലോകത്തിലെ ഓരോ വ്യക്തിക്കും എത്തിക്കുന്നതിനുമുള്ള മിഷനാണ്.

അതിനാൽ വഖ്ഫെ നൗ കുട്ടികളുടെ മാതാപിതാക്കൾ പ്രത്യേകിച്ചും മാതാവ് തനിക്കുണ്ടാകാൻ പോകുന്ന കുട്ടിയെ അതിന്റെ ജനനത്തിനുമുമ്പേ അല്ലാഹുവിനോടു ഈ പ്രതിജ്ഞ ചെയ്തുകൊണ്ട് സമർപിക്കുന്നത് നിസാരമായ ഉത്തരവാദിത്വമല്ല. തങ്ങൾ ഹദ്റത്ത് മർയം (അ)നെപോലെ അല്ലാഹുവിനോടു റബ്ബി ഇന്നീ നദർത്തു ലക്ക മാ ഫീ ബത്വനീ മുഹർറൻ ഫത്തഖബ്ബൽ മിന്നീ ഇന്നക്ക അൻത സ്സമീഉൽ അലീം എന്ന് പ്രതിജ്ഞ ചെയ്തുകൊണ്ട് വഖ്ഫെ നൗ സ്കീമിൽ സമർപിക്കുന്നുവെന്ന് കാലത്തിന്റെ ഖലീഫയെ എഴുതി അറിയിക്കുകയും ചെയ്യുന്നു. എന്റെ റബ്ബേ! എന്റെ വയറ്റിലുള്ളതിനെ ഞാൻ നിനക്കുവേണ്ടി സമർപിക്കുന്നു. ആൺകുട്ടിയാണോ പെൺകുട്ടിയാണോ എന്നെനിക്കറിയി ല്ല. പക്ഷേ, എന്തായാലും ഞാനാഗ്രഹിക്കുന്നത്, എന്റെ ദുആ ഇത് ദിനിന്റെ സേവകനാകണമെന്നാണ്. ഫത്തഖബ്ബൽമിന്നീ എന്റെ ഈ ആഗ്രഹവും ദുആയും സ്വീകരിച്ചാലും. ഇന്നക്ക അൻത സ്സമീഉൽ അലീം നീ വളരെ അധികം കേൾക്കുന്നവനും അറി

യുന്നവനുമാണ്. അതുകൊണ്ട് എന്റെ ഈ എളിയ പ്രാർഥനകൂടി കേട്ടാലും. ഈ ദുആ എന്റെ മനസ്സിന്റെ ശബ്ദമാണെന്ന് നിനക്കറിയാമല്ലോ. കുട്ടിയെ വഖ്ഫ് ചെയ്യുന്നതിനുമുമ്പേയുള്ള ഉമ്മമാരുടെ ആഗ്രഹമാണിത്. ഇങ്ങനെതന്നെയാണ് ഒരു അഹ്മദി ഉമ്മ തന്റെ കുട്ടിയെ വഖ്ഫെ നൗയിൽ സമർപിക്കുമ്പോൾ വേണ്ടതും. അതിൽ പിതാവും ഉൾപ്പെട്ടു.

വഖ്ഫെ നൗയിൽ ചേരുന്ന കുട്ടികളുടെ ഉമ്മ ഈ ദുആ ചെയ്യുമ്പോൾ ഈ പ്രതിജ്ഞ നിറവേറ്റുന്നതിനും ഈ ദുആ സ്വീകരിക്കപ്പെടുന്നതിനും ഉമ്മമാരിലും ഉപ്പമാരിലും കടമയായിവരുന്ന ആ ഉത്തരവാദിത്വങ്ങളുടെ ബോധവും ഉണ്ടായിരിക്കേണ്ടതാണ്. മാതാവിന്റേയും പിതാവിന്റേയും ഇരുവരുടേയും ഇഷ്ടപ്രകാരമാണ് കുട്ടി വഖ്ഫെ നൗയിൽ സമർപിക്കപ്പെടുന്നത്. അല്ലാഹു ഈ ദുആ വിശുദ്ധ ഖുർആനിൽ സുരക്ഷിതമാക്കിയിട്ടുള്ളത് പഴയകാലത്തെ ഒരു കഥ കേൾപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയല്ല. പ്രത്യുത അല്ലാഹുവിന് ഈ ദുആ എത്രമാത്രം ഇഷ്ടപ്പെടുകയും അത് സുരക്ഷിതമാക്കുകയും ചെയ്തത് ഭാവിയിലെ ഉമ്മമാരും ഈ ദുആ ചെയ്ത് തങ്ങളുടെ മക്കളെ ദീനിനുവേണ്ടി അസാധാരണമായ ത്യാഗങ്ങൾ ചെയ്യുന്നവരാക്കണമെന്നുള്ളതുകൊണ്ടാണ്. എല്ലാ സത്വിശ്വാസികളും ദുൻയാവിനെക്കാൾ ദീനിനെ മുന്തിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നുണ്ടെങ്കിലും വഖ്ഫ് ചെയ്യുന്നവർ ഈ നിലവാരങ്ങളുടെ സീമയെ സ്പർശിക്കുന്നവരാകേണ്ടതാണ്. നീ വഖ്ഫാണെന്നും നിന്നെ ദീനിനുവേണ്ടിമാത്രം സേവനം ചെയ്യാൻ വഖ്ഫു ചെയ്തിരിക്കുകയാണെന്നും ഇതായിരിക്കണം നിന്റെ ജീവിതത്തിന്റെ ഉദ്ദേശ്യമെന്നും ഉമ്മയും ബാപ്പയും തുടക്കം മുതൽതന്നെ കുട്ടിയുടെ മനസ്സിൽ ഇട്ടു കൊടുക്കുകയും അതിനോടൊപ്പം ദുആ ചെയ്തുകൊണ്ടിരിക്കുകയും ചെയ്താൽ കുട്ടി ദീനിനു സേവനം ചെയ്യണം എന്ന ചിന്തയോടുകൂടി വളരുന്നതാണ്. ബിസിനസ്മാനാകണം, നല്ല സ്പോർട്ട്സുമാനാകണം, ഇന്ന വകുപ്പിൽ പോകണം എന്നുദ്ദേശ്യത്തോടെ അവൻ വളരുകയില്ല. മറിച്ച് ഞാൻ വഖ്ഫെ നൗ ആണ്, ഏതു ഡിപ്പാർട്ടുമെന്റിൽ പോകണമെന്ന് ജമാഅത്താണ് പറയേണ്ടത്, കാലത്തിന്റെ ഖലീഫയാണ് പറയേണ്ടത് എന്നായിരിക്കും അവൻ പറയുന്നത്. തനിക്കിപ്പോൾ ദുൻയാവിന്റെ ഒരു ഉദ്ദേശ്യവുമില്ല. താൻ ജനിക്കുന്നതിനുമുമ്പേ തന്റെ ഉമ്മ പ്രതിജ്ഞ ചെയ്തു. താൻ ജനിക്കുന്നതിനുമുമ്പേ അവർ ദുആകളും ചെയ്തിരുന്നു. ദുൻയാവിനു പകരം ദീൻ അന്വേഷിക്കുന്നവിധം എനിക്കു ശിക്ഷണവും നല്കി. എന്റെ ഉമ്മ ചെയ്ത ദുആകൾ അല്ലാഹു കേൾക്കുകയും എന്റെ ശിക്ഷണത്തിനുവേണ്ടി ഉമ്മ ചെയ്ത പരിശ്രമങ്ങൾക്ക് അല്ലാഹു ഫലം നല്കുകയും ചെയ്തുവെന്നത് എന്റെ ഭാഗ്യമാണ്. ഞാനിപ്പോൾ അത്യാഗ്രഹമോ മോഹമോ ഒന്നുംകൂടാതെ ദീനിനുവേണ്ടി മാത്രം ഞാൻ എന്നെ വഖ്ഫു ചെയ്യുന്നു.

ഈ ചിന്തയുടെ പ്രകടനം വാഖ്ഫീനെ നൗയിന് തന്റെ വഖ്ഫ് പുതുക്കിക്കൊണ്ട് ആദ്യം 15-ാം വയസ്സിൽ ചെയ്യേണ്ടത് നിർബന്ധമാണ്. വഖ്ഫ് തുടർന്നുകൊണ്ടുപോകുന്നതാണ്, അല്ലെങ്കിൽ കൊണ്ടുപോകാനാഗ്രഹിക്കുന്നുവെന്ന് 15-ാം വയസ്സിൽ എഴുതിവാങ്ങാൻ അതുമായി ബന്ധപ്പട്ടവർക്ക് ഞാൻ നിർദേശവും നല്കിയിട്ടുണ്ട്. പിന്നീടു വിദ്യാഭ്യാസം പൂർത്തിയാക്കി 20, 21 വയസ്സായാൽ ജാമിആയിൽ പ്രവേശിച്ചിട്ടില്ലാത്ത എല്ലാവരും ആ ബോണ്ട് (Bond) വീണ്ടും എഴുതേണ്ടത് നിർബന്ധമാണ്. പിന്നീട് ഏതെങ്കിലും വകുപ്പിൽനിന്ന് കുറച്ച് ശിക്ഷണം കരസ്ഥമാക്കുക എന്ന് പറഞ്ഞാൽ വീണ്ടും എഴുതേണ്ടതാണ്. എല്ലാ ഘട്ടങ്ങളിലും വഖ്ഫെനൗ തന്റെ ഇഷ്ടമനുസരിച്ച് തന്റെ വഖ്ഫിനെ നിലനിറുത്തുന്നതാണെന്ന് പ്രകടിപ്പിക്കേണ്ടതാണ്.

ഇതുസംബന്ധമായി ഞാൻ പറഞ്ഞതുപോലെ ഇതിനുമുമ്പേ പലപ്രാവശ്യവും വിശദമായി വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. തങ്ങൾ വഖ്ഫു ചെയ്താൽ ഭൗതികമായ നിലയിൽ എങ്ങനെ ജീവിക്കുമെന്ന വിചാരം ഒരു വഖ്ഫെ നൗ കുട്ടിക്കും ഉണ്ടാകാൻ പാടില്ല. അല്ലെങ്കിൽ മാതാപിതാക്കളെ സാമ്പത്തികമായി എങ്ങനെ സഹായിക്കുമെന്നോ മറ്റു വിധത്തിൽ ശാരീരമായി എങ്ങനെ സഹായിക്കുമെന്നോ എന്ന ദുർബോധനം മനസ്സിലുണ്ടാകാൻ പാടില്ല. കഴിഞ്ഞ ദിവസം എനിക്കിവിടെ വാഖ്ഫീനെ നൗവുമായി ക്ലാസ്സുണ്ടായിരുന്നു. ഒരു ആൺകുട്ടി ചോദിച്ചു. ഞങ്ങൾ വഖ്ഫുചെയ്ത് എപ്പോഴും ജമാഅത്തിനുവേണ്ടി സേവനം ചെയ്തുകൊണ്ടിരുന്നാൽ ഞങ്ങളുടെ മാതാപിതാക്കൾക്ക് സാമ്പത്തികമായോ ശാരീരികമായോ അല്ലെങ്കിൽ പൊതുവായുള്ള സേവനം എങ്ങനെയാണ് ചെയ്യുക? ഈ ചോദ്യം പ്രകടിപ്പിക്കുന്നത് മാതാപിതാക്കൾ കുട്ടിക്കാലം മുതൽ തങ്ങളുടെ വാഖ്ഫീനെ നൗ കുട്ടികളുടെ മനസ്സിൽ, 'നിന്നെ ഞങ്ങൾ വഖ്ഫു ചെയ്തിരിക്കുകയാണെന്നും ഇനി നീ ഞങ്ങളുടെ അടുത്ത് ജമാഅത്തിന്റെ അമാനത്ത് മാത്രമാണെന്നും മറ്റു സഹോദരി സഹോദരന്മാർ ഞങ്ങൾക്ക് സേവനം ചെയ്തുകൊള്ളുമെന്നും നീ നിന്നെ കാലത്തിന്റെ ഖലീഫയ്ക്ക് സമർപിച്ചുകൊള്ളണമെന്നും അദ്ദേഹത്തിന്റെ കല്പനയനുസരിച്ച് നടക്കണമെന്നുമുള്ള കാര്യം കുടിയിരുത്തിയില്ല എന്നാണ്.

ഹദ്റത്ത് മർയമിന്റെ മാതാവിന്റെ ദുആയിൽ വന്നിട്ടുള്ള മുഹർറ റൻ എന്ന പദത്തിന്റെ ഉദ്ദേശ്യം തന്നെ ഞാൻ ഈ കുട്ടിയെ ഭൗതികമായ ഉത്തരവാദിത്വങ്ങളിൽനിന്ന് തികച്ചും വേർപെടുത്തിയിരിക്കുന്നുവെന്നാണ്. ദീനിന്റെ ഉത്തരവാദിത്വം മാത്രം അവൻ മുന്തിക്കണമെന്നാണ് എന്റെ ദുആ.

അതുകൊണ്ട് മാതാക്കളോടും പിതാക്കളോടും ഏറ്റവുമാദ്യം ഞാൻ പറയാനാഗ്രഹിക്കുന്നത് വഖ്ഫെ നൗഇന്റെ വെറും പേരുണ്ടായാൽപോര. പ്രത്യുത വഖ്ഫിന്റെ ഒരു പ്രധാന ഉത്തരവാദിത്വമാണ്. ഒരു വഖ്ഫെ നൗ യുവത്വം പ്രാപിക്കുന്നതുവരെ മാതാപിതാക്കളുടേയും അതിനുശേഷം സ്വയം അവന്റേയും ഉത്തരവാദിത്വവുമാണ്. ഭൗതിക വിദ്യാഭ്യാസം കരസ്ഥമാക്കിയ ചില ആൺകുട്ടികളും പെൺകുട്ടികളും ബാഹ്യമായി വലിയ ആവേശം കാണിക്കാറുണ്ട്. തങ്ങളുടെ സേവനങ്ങൾ സമർപിക്കുന്നു. പക്ഷേ, പിന്നീട് ജമാഅത്ത് നല്കുന്ന അലൗൺസ് കൊണ്ടു ജീവിക്കാൻ പറ്റില്ലെന്ന് പറഞ്ഞ് സേവനം ഉപേക്ഷിക്കുന്ന ഉദാഹരണങ്ങളും മുമ്പിൽ വരുന്നുണ്ട്. ഒരു വലിയ ലക്ഷ്യം കരസ്ഥമാക്കുന്നതിന് ബുദ്ധിമുട്ടും ത്യാഗവും സഹിക്കേണ്ടി വരുന്നു. വഖ്ഫിനെക്കാൾ വലുതായി ഒരു കാര്യവുമില്ലെന്നും തന്റെ ഇന്ന ക്ലാസ്സ്ഫെല്ലോ തന്റെ അത്രയും വിദ്യാഭ്യാസം കരസ്ഥമാക്കി ലക്ഷക്കണക്കിന് സമ്പാദിക്കുമ്പോൾ തനിക്ക് ഒരു മാസത്തിൽ അവന്റെ ഒരു ദിവസത്തെ വരുമാനംപോലും കിട്ടുന്നില്ലെന്ന് ഭൗതികമായി നോക്കുന്നതിനും ചിന്തിക്കുന്നതിനും പകരം അല്ലാഹു നല്കിയിരിക്കുന്ന സ്ഥാനമാണ് ഭൗതിക സമ്പത്തിനെക്കാൾ ഏറ്റവും വലുതെന്ന കാര്യം കുട്ടിക്കാലംമുതലെ വാഖ്ഫീന്റെ മനസ്സുകളിൽ കുടിയിരുത്തുക. 'ഭൗതികമായ സമ്പത്തിന്റേയും സാധനസാമഗ്രികളുടേയും അടിസ്ഥാനത്തിൽ തന്നെക്കാൾ താഴ്ന്നവരെ നോക്കേണ്ടതാണെന്നും ആത്മീയാടിസ്ഥാനത്തിൽ തന്നെക്കാൾ ഉയർന്നവരെ നോക്കേണ്ടതാണെന്നും ഭൗതികമായ ഓട്ടത്തിൽ വലിയവനാകുന്നതിനു പകരം ആത്മീയമായ ഓട്ടത്തിൽ വലിയവനാകാൻ ശ്രമിക്കുക' എന്നുള്ള നബി(സ)തിരുമേനിയുടെ നിർദേശത്തെ മുന്നിൽവെക്കേണ്ടതാണ്.(ബുഖാരി കിതാബുർരിഖാഖ് ഹദീഥ് 6490)

അതിനാൽ തങ്ങളുടെ വിദ്യാഭ്യാസം പൂർത്തിയാക്കി കഴിഞ്ഞിട്ടുള്ള വാഖ്ഫീനെ നൗയിലെ ആൺകുട്ടികൾ സ്വയം തങ്ങളുടെ ബാഹ്യവും സാമ്പത്തികവുമായ അവസ്ഥ മെച്ചപ്പെടുത്തുന്നതിനുപകരം ആത്മീയമായ അവസ്ഥ മെച്ചപ്പെടുത്താൻ ശ്രമിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)എല്ലാ അഹ് മദികളിൽനിന്നും പ്രതീക്ഷിക്കുന്നത് അവരുടെ നിലവാരം ഏറ്റവും ഉയർന്നതായിരിക്കണമെന്നാണ്. അപ്പോൾ ഒരുവന്റെ മാതാപിതാക്കൾ തങ്ങളുടെ മകൻ ജനിക്കുന്നതിനുമുമ്പേ ദീനിനുവേണ്ടി അവനെ വഖ്ഫ് ചെയ്യുകയും അവനുവേണ്ടി ദുആയിരക്കുകയും ചെയ്തിട്ടുള്ള സ്ഥിതിക്ക് അവൻ എത്രമാത്രം ഈ നിലവാരങ്ങൾ കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'എന്റെ ജമാഅത്തിനോടു വസിയ്യത്തു ചെയ്യുന്നതും അവർക്ക് ഇക്കാര്യം എത്തിക്കുന്നതും ഞാൻ എന്റെ നിർബന്ധ കടമയായി മസ്സിലാക്കുന്നു; ഭാവിയിൽ ഇത് കേൾക്കാനും കേൾക്കാതിരിക്കാനും ഓരോരുത്തർക്കും അധികാരമുണ്ടായിരിക്കും. മോക്ഷം ആഗ്രഹിക്കുന്നവനും പരിശുദ്ധവും അനശ്വരവുമായ ജീവിതം അന്വേഷിക്കുന്നവനും അല്ലാഹുവിനുവേണ്ടി തന്റെ ജീവിതം വഖ്ഫു ചെയ്തുകൊള്ളട്ടെ. എന്റെ ജീവിതം എന്റെ മരണം എന്റെ ത്യാഗങ്ങൾ എന്റെ നമസ്കാരങ്ങൾ അല്ലാഹുവിനുവേണ്ടിയാണെന്നും ഹദ്റത്ത് ഇബ്റാഹീം(അ)നെപോലെ അസ്ലംതു ലി റബ്ബിൽ ആലമീൻ എന്ന് അവന്റെ ആത്മാവ് വിളിച്ചുപറയുകയും ചെയ്യാൻ കഴിയുംവിധമുള്ള പദവിയും സ്ഥാനവും കാരസ്ഥമാക്കാനുള്ള ശ്രമത്തിലും ചിന്തയിലും ഓരോരുത്തരും കഴിയുക. അതായത് ഞാൻ എന്റെ റബ്ബിന്റെ അനുസരണശാലിയായി കഴിഞ്ഞിരിക്കുന്നു. പറഞ്ഞു, മനുഷ്യൻ അല്ലാഹുവിൽ തന്നെ കളയാത്തിടത്തോളം അല്ലാഹുവിൽ ആയിക്കൊണ്ട് മരിക്കാത്തിടത്തോളം പുതിയ ജീവിതം പ്രാപിക്കുകയില്ല. അല്ലാഹുവിനുവേണ്ടി ജീവിതം വഖ്ഫ് ചെയ്യുന്നത് ഞാൻ എന്റെ ജീവിതത്തിന്റെ യഥാർഥ ഉദ്ദേശ്യമായി മനസ്സിലാക്കുന്നുവെന്ന് ഞാനുമായി ബന്ധം വെക്കുന്ന നിങ്ങൾ കാണുന്നു.(ഇതാണ് അടിത്തറ, ഇതാണ് ഉദ്ദേശ്യം)എന്റെ ഈ പ്രവൃത്തിയെ തങ്ങൾക്കായി ഇഷ്ടപ്പെടുകയും അല്ലാഹുവിനുവേണ്ടി ജീവിതം വഖ്ഫ് ചെയ്യുന്നത് പ്രിയങ്കരമായ കരുതുകയും ചെയ്യുന്നവർ നിങ്ങളിൽ എത്രപേരുണ്ടെന്ന് നിങ്ങളുടെ ഉള്ളിൽ നിങ്ങൾ നോക്കുക."(മൽഫൂദാത്ത് വാല്യം 2 പേജ് 100 1985 ലണ്ടൻ പതിപ്പ്)

വാഖ്ഫീനെ നൗ അംഗങ്ങൾ സാധാരണ അഹ്മദികളെക്കാൾ ഉയർന്ന് ഈ സ്ഥാനം കരസ്ഥമാക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ദീനിനുവേണ്ടി മറ്റുള്ളവരും വഖ്ഫ് ചെയ്യാറുണ്ട്. എല്ലാവർക്കും വഖ്ഫ് ചെയ്യാനും സാധിക്കുകയില്ല. ദീനിന്റെ അറിവ് കരസ്ഥമാക്കുന്നവരും പിന്നീട് മടങ്ങിപ്പോയി തങ്ങളുടെ ആളുകളോടു അത് പറയുന്നവരുമായ ഒരു സംഘം നിങ്ങളിലുണ്ടാവണമെന്ന് അല്ലാഹു പറഞ്ഞിട്ടുള്ളതുമാണ്. ഭൗതികജോലികളിൽ കുടുങ്ങി കിടക്കുന്നവരുമുണ്ട്. പക്ഷേ, ഭൗതികജോലികൾ ചെയ്തുകൊണ്ടും അല്ലാഹുവിനോടുള്ള ഭയത്തേയും ദീനിനേയും മുന്തിക്കണമെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയുണ്ടായി. (മൽഫൂദാത്ത് വാല്യം 2 പേജ് 91 1985 ലണ്ടൻ പതിപ്പ്)

വാഖ്ഫീനെ നൗ തങ്ങളുടെ 'ഖനാഅത്തി'(ഉള്ള


## ഇർശാദുന്നബ്വി(സ)

"നിനക്ക് വല്ല ആപത്തും നേരിട്ടാൽ ഞാൻ ഇന്നത് ചെയ്തിരുന്നുവെങ്കിൽ ഇന്നിന്നതു ഉണ്ടാകുമായിരുന്നു എന്ന് നീ പറയരുത്. മറിച്ച് അല്ലാഹുവിന്റെ ഉദ്ദേശ്യം പൂർത്തിയായി എന്നു പറയുക." (മുത്തഫിഖുൻ അലയ്ഹി)

**ത്വാലിബെ ദുആ:**
**പി.പി.ഹസ്സൻ കോയ, മഞ്ചേരി**



## ഇർശാദുന്നബ്വി(സ)

"നരകം ദേഹേച്ഛകൊണ്ടും സ്വർഗം കയ്പേറിയ കാര്യങ്ങൾകൊണ്ടും തടുക്കപ്പെട്ടിരിക്കുന്നു."

(ബുഖാരി)

**ത്വാലിബെ ദുആ:**
**പി.യൂസുഫ് & കുടുംബാംഗങ്ങൾ**
**മാത്തോട്ടം**



## ഇർശാദുന്നബ്വി(സ)

"ഒരു മയ്യിത്തിനെ അവന്റെ കർമം സമ്പത്ത് കുടുംബം എന്നീ മൂന്നു കാര്യങ്ങൾ അനുഗമിക്കും. എന്നിട്ട് രണ്ടെണ്ണം മടങ്ങുകയും ഒന്നുമാത്രം ബാക്കിയാകുകയും ചെയ്യും." അതായത് കർമം ബാക്കിയാകും. (തുർമുദി)

**ത്വാലിബെ ദുആ:**
**ആശിഖ് അഹ്മദ്, കണ്ണൂർ സിറ്റി**

തിൽ തൃപ്തിപ്പെടൽ)ന്റേയും ത്യാഗങ്ങളുടേയും നിലവാരങ്ങളെ ഒരുപാട് വർധിപ്പിക്കേണ്ടതാണ്. സാമ്പത്തികമായി ബലഹീനരായിപ്പോകുമെന്നും നമ്മുടെ സഹോദരന്മാരും സഹോദരിമാരും നമ്മെ താഴ്ന്നവരായി മനസ്സിലാക്കുമെന്നും അല്ലെങ്കിൽ ബാക്കിയുള്ളവരെ ശ്രദ്ധിക്കുന്നതുപോലെ നമ്മുടെ മാതാപിതാക്കൾ നമ്മെ ശ്രദ്ധിക്കുകയില്ലെന്നും ചിന്തിക്കരുത്. ഒന്നാമതായി വാഖ്ഫീനെ സിന്ദഗീ താഴ്ന്നവരാണെന്ന ചിന്തപോലും മാതാപിതാക്കൾ തങ്ങളുടെ മനസ്സിൽ കൊണ്ടുവരാൻ പാടില്ല. വാഖ്ഫീനെ സിന്ദഗിയുടെ പദവിയും സ്ഥാനവും വളരെ ഉന്നതമാണ്. ഇത് അവരുടെ ദൃഷ്ടിയിൽ ഉണ്ടായിരിക്കേണ്ടതാണ്. പക്ഷേ, വാഖ്ഫീനെ സിന്ദഗീ സ്വയം ദുൻയാവിലെ അങ്ങേയറ്റം എളിമയുള്ള ദാസനായി തന്നെ മനസ്സിലാക്കേണ്ടതാണ്. വാഖ്ഫീനെ നൗ ത്യാഗങ്ങളുടെ നിലവാരം ഉയർത്തുന്നതിനോടൊപ്പം തങ്ങളുടെ ആരാധനകളുടെ നിലവാരവും ഉയർത്തേണ്ടതാണ്. തങ്ങളുടെ കൂറിന്റെ ബന്ധവും ഉയർത്തേണ്ടതാണ്. തങ്ങളുടേയും തങ്ങളുടെ മാതാപിതാക്കളുടേയും പ്രതിജ്ഞ പൂർത്തിയാക്കുന്നതിനുവേണ്ടി എല്ലാ കഴിവുകളും ശക്തികളും ഉപയോഗിച്ച് പണിയെടുക്കാൻ ശ്രമിക്കേണ്ടതാണ്. ദീനിനുവേണ്ടി പണിയെടിക്കാൻ ശ്രമിക്കേണ്ടതാണ്. ദീനിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കാൻ ശ്രമിക്കേണ്ടതാണ്. അപ്പോഴാണ് അല്ലഹുവും അനുഗ്രഹിക്കുന്നത്. പ്രതിഫലം നല്കാതെ അല്ലാഹു ആരേയും വിട്ടുകളയുകയില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു അവസരത്തിൽ തങ്ങളുടെ പ്രതിജ്ഞകളെ കൂറോടുകൂടി പൂർത്തിയാക്കുന്നതിനെ കുറിച്ച് ഉപദേശിച്ചുകൊണ്ട് പറയുന്നു: 'അല്ലാഹു വിശുദ്ധ ഖുർആനിൽ അതുകൊണ്ടാണ് ഹദ്റത്ത് ഇബ്റാഹീം(അ)നെ സ്തുതിച്ച് പറഞ്ഞത്; വ ഇബ്റാഹീമല്ലദി വഫ്ഫാ അദ്ദേഹം പ്രതിജ്ഞ ചെയ്തത് പൂർത്തീയാക്കി കാണിച്ചു.' (മൽഫൂദാത്ത് വാള്യം 6 പേജ് 234 1985 ലണ്ടൻ പതിപ്പ്)

പ്രതിജ്ഞകൾ നിറവേറ്റുക എന്നത് നിസാര കാര്യമല്ല. വഖ്ഫെ സിന്ദഗിയുടെ പ്രതിജ്ഞയെകുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വേദന നിറഞ്ഞ വാക്കുകൾ നമ്മൾ കേട്ടു കഴിഞ്ഞു. ഇത് എത്ര മഹത്തായ പ്രതിജ്ഞയാണ്. എല്ലാ വഖ്ഫെ നൗ ആൺകുട്ടിയും പെൺകുട്ടിയും ഈ പ്രതിജ്ഞ കൂറോടുകൂടി പൂർത്തിയാക്കുന്നവരാകുകയാണെങ്കിൽ നമുക്ക് ലോകത്ത് ഒരു വിപ്ലവം ഉണ്ടാക്കാൻ കഴിയുന്നതാണ്. ചില യുവാക്കളുടെ ജോഡികൾ എന്റെയടുത്ത് വരാറുണ്ട്. താൻ വഖ്ഫെ നൗ ആണെന്നും തന്റെ ഭാര്യയും വഖ്ഫെ നൗ ആണെന്നും എന്റെ മകനും വഖ്ഫെനൗആണെന്നും പറയാറുണ്ട്. ഇല്ലെങ്കിൽ താൻ വഖ്ഫെ നൗആണെന്ന് ഉമ്മ പറയും. താൻ വഖ്ഫെ നൗആണെന്നും തന്റെ മകനും വഖ്ഫെ നൗആണെന്നും ഉപ്പയും പറയും. ഇത് വളരെ സ്തുത്യർഹമായ കാര്യമാണ്. പക്ഷേ, അതിന്റെ യഥാർഥ ഗുണം ജമാഅത്തിനുണ്ടാകുന്നത് കൂറോടുകൂടി തങ്ങൾ ചെയ്ത വഖ്ഫിന്റെ പ്രതിജ്ഞ പൂർത്തിയാക്കുമ്പോഴാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ), ഹദ്റത്ത് ഇബ്റാഹീം(അ)നെ ഉദ്ധരിച്ച് കൂറ് എന്ന വിഷയം ഒരിടത്ത് കൂടുതൽ വിശദീകരിക്കുകയുണ്ടായി. അവിടന്ന്(അ) പറയുന്നു:'അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിനുള്ള വഴി അവനുവേണ്ടി സത്യസന്ധത കാണിക്കുക എന്നതാണ്. സത്യസന്ധതയിൽ നിലകൊള്ളുക. നിങ്ങളുടെ കൂറ് സത്യമായിരിക്കുക. അല്ലാഹുവിൽനിന്ന് ഹദ്റത്ത് ഇബ്റാഹീം(അ) ഇക്കാരണത്താലാണ് സാമീപ്യം കരസ്ഥമാക്കിയത്. പറഞ്ഞു, ഇബ്റാഹീമല്ലദി വഫ്ഫാ (53:38) ഇബ്റാഹീം കൂറു കാണിച്ച ഇബ്റാഹീമാണ്. അല്ലാഹുവിനോടു കൂറും സത്യസന്ധതയും ആത്മാർഥതയും കാണിക്കുക എന്നത് ഒരു മരണം ആഗ്രഹിക്കുന്നുണ്ട്. മനുഷ്യൻ ദുൻയാവിന്റേയും അതിലെ എല്ലാ ആനന്ദങ്ങളുടേയും അന്തസ്സിന്റേയുംമേൽ വെള്ളമൊഴിക്കാൻ തയ്യാറാകാത്തിടത്തോളം എല്ലാ നിന്ദ്യതയും ബലാൽക്കാരവും ഞെരുക്കവും അല്ലാഹുവിനുവേണ്ടി സഹിക്കാൻ തയ്യാറാകാത്തിടത്തോളം ഈ വിശേഷഗുണം ഉണ്ടാകുകയില്ല. ബിംബാരാധന എന്നു പറയുന്നത് മനുഷ്യൻ ഏതെങ്കിലും മരത്തേയോ കല്ലിനേയോ ആരാധിക്കലല്ല. പ്രത്യുത അല്ലാഹുവിന്റെ സാമീപ്യത്തിൽനിന്നു തടയുന്ന എല്ലാ ഓരോ വസ്തുക്കളും അതിനെ മുന്തിക്കുന്നതും ബിംബമാണ്.' എത്രത്തോളം ബിംബങ്ങളാണ് മനുഷ്യൻ തന്റെ ഉള്ളിൽ വെച്ചിരിക്കുന്നതെന്നാൽ താൻ ബിംബത്തെ പൂജിക്കുന്നവനാണെന്ന് അവൻതന്നെ അറിയുന്നില്ല. ചിലയിടത്ത് ഇക്കാലഘട്ടത്തിൽ നാടകങ്ങൾ ബിംബങ്ങളായിരിക്കുന്നു. ചിലയിടത്ത് ഇന്റർനെറ്റ് ബിംബമായിരിക്കുന്നു. ചിലയിടത്ത് ദുൻയാവ് സമ്പാദിക്കുക എന്നത് ബിംബമായിരിക്കുന്നു. ചിലയിടത്ത് ആഗ്രഹങ്ങൾ ബിംബമായിരിക്കുന്നു. അവിടന്ന് പറഞ്ഞു, 'മനുഷ്യന് താൻ ബിംബങ്ങളെ ആരാധിക്കുകയാണെന്ന് അറിയാൻപോലും കഴിയുന്നില്ല. അവൻ ഉള്ളിന്റെ ഉള്ളിൽ അതു ചെയ്തുകൊണ്ടിരിക്കുകയാണ്. പറഞ്ഞു: 'കളങ്കരഹിതമായി അല്ലാഹുവിനാകുകയും അവന്റെ വഴിയിൽ എല്ലാ കെടുതികളും സഹിക്കാൻ തയ്യാറാകുകയും ചെയ്യാത്തിടത്തോളം സത്യസന്ധതയുടേയും ആത്മാർഥതയുടേയും നിറം ഉണ്ടാകുക പ്രയാസമാണ്. ഇബ്റാഹീം(അ)ന് വെറുതെയങ്ങ് കിട്ടിയതാണോ ഈ ബഹുമതി. ഇബ്റാഹീമല്ലദി വഫ്ഫാ(കരാർ പൂർത്തിയാക്കിയ ഇബ്റാഹീം) (53:38) എന്ന അശരീരി വന്നത് സ്വന്തം മകനെ ബലിയറുക്കാൻ തയ്യാറായപ്പോഴാണ്. അല്ലാഹു കർമമാണ് ആഗ്രഹിക്കുന്നത്. കർമംകൊണ്ടാണ് തൃപ്തനാകുന്നത്. കർമം ദുഃഖത്തിൽനിന്നാണ് വരുന്നത്. അതായത് മനുഷ്യൻ സൽക്കർമം ചെയ്യുന്നതിനും അല്ലാഹുവിനെ തൃപ്തിപ്പെടുത്തുന്നതിനും ത്യാഗം ചെയ്യേണ്ടിവരുന്നു. സ്വയമേവ തങ്ങളെ ബുദ്ധിമുട്ടിലും വിഷമത്തിലും ഇടേണ്ടി വരുന്നു. പക്ഷേ, മനുഷ്യൻ വിഷമത്തിൽ ഇരിക്കുകയില്ല. മനുഷ്യന് കർമങ്ങൾ ചെയ്യാൻ വിഷമമുണ്ട് എന്നതിൽ സംശയമില്ല. പക്ഷേ, സദാ ദുഃഖത്തിൽ ഇരിക്കുകയില്ല. പറഞ്ഞു:'മനുഷ്യൻ അല്ലുഹുവിനുവേണ്ടി ദുഃഖം വഹിക്കാൻ തയ്യാറാകുമ്പോൾ അല്ലാഹു അവനെ ദുഃഖത്തിലും ഇടുകയില്ല. ഹദ്റത്ത് ഇബ്റാഹീം(അ) അല്ലാഹുവിന്റെ കല്പന നിറവേറ്റുന്നതിന് തന്റെ മകനെ അറുക്കാൻ ആഗ്രഹിക്കുകയും പൂർണമായ തയ്യാറെടുപ്പ് നടത്തുകയും ചെയ്തപ്പോൾ അല്ലാഹു അദ്ദേഹത്തിന്റെ മകനെ രക്ഷിച്ചു. മകന്റെ ജീവനും രക്ഷപ്പെട്ടു, മകന്റെ ത്യാഗം കാരണത്താൽ പിതാവിനു ഉണ്ടാകേണ്ട ദുഃഖത്തിൽനിന്ന് മോചനവും കിട്ടി. പറഞ്ഞു: 'ഹദ്റത്ത് ഇബ്റാഹീം(അ) അഗ്നിയിൽ ഇടപ്പെട്ടു. പക്ഷേ, അഗ്നിക്ക് അദ്ദേഹത്തെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല.' പറഞ്ഞു: 'മനുഷ്യൻ അല്ലാഹുവിന്റെ മാർഗത്തിൽ ബുദ്ധിമുട്ട് വഹിക്കാൻ തയ്യാറായാൽ അല്ലാഹു ബുദ്ധിമുട്ടുകളിൽനിന്ന് രക്ഷിക്കുന്നു.'(മൽഫൂദാത്ത് വാള്യം 4 പേജ് 429-430 1985 ലണ്ടൻ പതിപ്പ്)

അല്ലാഹുവിന്റെ സ്നേഹം ആകർഷിച്ചെടുക്കുന്നതിനുള്ള ആ നിലവാരമാണിത്. അല്ലാഹുവിന്റെ കൃപാകടാക്ഷങ്ങൾ കരസ്ഥമാക്കുന്നതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മുടെ മുമ്പിൽ വെച്ചതാണിത്. നമ്മൾ അത് കരസ്ഥമാക്കുമെന്ന് അവിടന്ന് പ്രതീക്ഷിക്കുകയും ചെയ്തു. ഈ നിലവാരം കരസ്ഥമാക്കുന്നതിന് എല്ലാ വാഖ്ഫെ നൗ അംഗങ്ങളും ശ്രമിക്കേണ്ടതാണെന്ന് മാത്രമല്ല, എല്ലാ വാഖ്ഫെ സിന്ദഗിമാരും ഓർക്കേണ്ടത് ത്യാഗങ്ങളുടെ നിലവാരങ്ങൾ ഉയരാത്തിടത്തോളം വഖ്ഫെ സിന്ദഗിയാണെന്ന നമ്മുടെ വാദം ഉപരിപ്ലമായ വാദമായിരിക്കും.

'ഞങ്ങൾ കാനഡയിൽ വന്നിരിക്കുന്നു, ഞങ്ങളുടെ മകൻ പാകിസ്താനിൽ മുറബ്ബിയാണ്, അല്ലെങ്കിൽ വഖ്ഫെ സിന്ദഗിയാണ് അവനെ ഇവിടെ വിളിക്കുകയും ഇവിടെ ഡ്യൂട്ടി നല്കുകയും ചെയ്യുക, അവൻ ഞങ്ങളുടെ അടുത്ത് വരട്ടെ എന്ന് ചില ഉമ്മമാർ പറയാറുണ്ട്. വഖ്ഫ് ചെയ്തിരിക്കുന്ന സ്ഥിതിക്ക് ആവശ്യമുന്നയിക്കുന്നതെങ്ങനെ? പിന്നീട് ഈ ആഗ്രഹമുണ്ടാകുന്നതെങ്ങനെ? ആഗ്രഹമെല്ലാം അവസാനിച്ചിരിക്കുന്നു. ഞാൻ പറഞ്ഞതുപോലെ വാഖ്ഫീനെ നൗയിൽ ചേർക്കാനുള്ള താൽപര്യം വർധിച്ചുവരികയാണ്. ഇതു വളരെ നല്ല കാര്യമാണ്. അവസ്ഥകൾ മാറുന്നതനുസരിച്ച് നിങ്ങളുടെ പ്രതിജ്ഞകളെ ബലഹീനമാക്കുന്നവരോ തകർക്കുന്നവരോ ആകാതെ ഈ താല്പര്യം അല്ലാഹുവിനുവേണ്ടി മാത്രമാക്കിക്കൊണ്ട് വർധിപ്പിക്കുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു,'ദുഃഖം കൂടാതെ, ബുദ്ധിമുട്ടു കൂടാതെ ത്യാഗം ഉണ്ടാകുകയില്ല. അവസ്ഥകൾ മാറിയിട്ടുണ്ടെങ്കിൽ അത് സഹിക്കേണ്ടതാണ്. പ്രത്യേകിച്ചും തങ്ങളുടെ മക്കളെ വഖ്ഫു ചെയ്തവരും അല്ലെങ്കിൽ ഏതു മാതാപിതാക്കളാണോ തങ്ങളുടെ മക്കളെ സമർപ്പിച്ചിട്ടുള്ളത്, പിന്നീട് തങ്ങൾ വഖ്ഫു തുടരുമെന്ന് പറഞ്ഞ് അതു പുതുക്കുകയും ചെയ്തിട്ടുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ മനുഷ്യൻ അല്ലാഹുവിനുവേണ്ടി എല്ലാ ത്യാഗത്തിനും സന്നദ്ധനാകുമ്പോൾ പിന്നീട് അല്ലാഹു അനുഗ്രഹിക്കുന്നതാണ്. അല്ലാഹു കൈവിടുകയില്ല. അതിരറ്റ് അനുഗ്രഹിക്കുന്നു. എല്ലാ വഖ്ഫെ നൗ അംഗങ്ങളും അവരുടെ മാതാപിതാക്കളും വഖ്ഫിന്റെ യാഥാർഥ്യം മനസ്സിലാക്കിക്കൊണ്ട് തങ്ങളുടെ പ്രതിജ്ഞകളെ പൂർത്തിയാക്കുന്നവരാകട്ടെ. തങ്ങളുടെ കൂറിന്റെ നിലവാരത്തെ ഉയർച്ചയിൽനിന്ന് ഉയർച്ചയിലേക്ക് ഉയർത്തിക്കൊണ്ടുപോകുന്നവരാകട്ടെ.

ഹ്രസ്വമായി ചില സംഘടനാകാര്യങ്ങളിലേക്കും വാഖ്ഫീനെ നൗ അംഗങ്ങൾക്കുള്ള പ്രവർത്തന രൂപരേഖയിലേക്കും ശ്രദ്ധ ക്ഷണിക്കാനാഗ്രഹിക്കുകയാണ്. വഖ്ഫെ നൗ അംഗമായിക്കൊണ്ട് അവർ വേർതിരിക്കപ്പെട്ടു എന്ന് ചില വാഖ്ഫീനെ നൗ അംഗങ്ങളുടെ മനസ്സിൽ തെറ്റു ധാരണകളുണ്ട്. ചിലയാളുകൾ ചോദിക്കാറുമുണ്ട്. വേർതിരിക്കപ്പെട്ടു എന്നതിൽ സംശയമില്ല. വേർതിരിക്കപ്പെട്ടു എന്നതിനോടൊപ്പം അവരോടു അസാധാരണ നിലയിലുള്ള വേർതിരിഞ്ഞ പെരുമാറ്റം ഉണ്ടാകുകയില്ല. മറിച്ച് ഈ വേർതിരിവിനോടൊപ്പം അവരുടെ ത്യാഗങ്ങളുടെ നിലവാരം വർധിക്കണം. 'നിങ്ങൾ വളരെ സ്പെഷ്യൽ കുട്ടികളാണെന്നുള്ള ചിന്ത' ചിലയാളുകൾ വഖ്ഫെ നൗ കുട്ടികളുടെ മനസ്സുകളിൽ ഇടാറുണ്ട്. ഇതിന്റെ ഫലമായി വലുതായാലും അവരുടെ മനസ്സുകളിൽ സ്പെഷ്യലാകുക എന്നത് അവശേഷിക്കുന്നു. ഈ രീതിയിലുള്ള കാര്യങ്ങൾ ഇവിടേയും എനിക്കെത്തുകയുണ്ടായി. അവർ വഖ്ഫിന്റെ യാഥാർഥ്യത്തെ പിന്നിലാക്കുകയും വഖ്ഫെ നൗയിന്റെ ടൈറ്റലിനെ തങ്ങളുടെ ജീവിതത്തിന്റെ ലക്ഷ്യമായി -തങ്ങൾ സ്പെഷ്യലായിരിക്കുന്നുവെന്ന് മനസ്സിലാക്കുകയും ചെയ്യുന്നു.

തങ്ങൾ വഖ്ഫെ നൗയിൽപ്പെട്ടവരായതുകൊണ്ട് തങ്ങൾക്ക് നാസിറാത്താണെങ്കിൽ നാസിറാത്തി

## ഇർശാദുന്നബ്വി(സ)

അല്ലാഹു പറയുന്നു:"എന്റെ അടിമകളേ! ഞാൻ ആരേയും ആക്രമിക്കുകയില്ല. നിങ്ങളും ആരേയും ആക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്."

(മുസ്‌ലിം)

ത്വാലിബെ ദുആ:
എം.എ.മുഹമ്മദ് കോഴിക്കോട്

## ഇർശാദുന്നബ്വി(സ)

"സ്വർഗം ഓരോരുത്തരോടും ചെരുപ്പിന്റെ വാറിനെക്കാൾ കൂടുതൽ അടുത്തിരിക്കുന്നു; അപ്രകാരംതന്നെ നരകവും."

(ബുഖാരി)

ത്വാലിബെ ദുആ:
അബ്ദുസ്സമദ് , പഴയങ്ങാടി

## ഇർശാദുന്നബ്വി(സ)

അല്ലാഹു പറയുന്നു:"എന്റെ അടിമകളേ! ഞാൻ തീറ്റിയിട്ടില്ലെങ്കിൽ നിങ്ങളെല്ലാം വിശന്നു വലയുന്നവരാണ്. നിങ്ങളെന്നോടു ഭക്ഷണം ചോദിക്കുക. ഞാൻനിങ്ങൾക്ക് ഭക്ഷണം തരുന്നതാണ്."

(മുസ്‌ലിം)

ത്വാലിബെ ദുആ:
കെ.മുഹമ്മദ് സ്വാലിഹ്, കണ്ണൂർസിറ്റി.

ന്റെ പരിപാടികളിലും അത്ഫാലാണെങ്കിൽ അത്ഫാലിന്റെ പരിപാടികളിലും ഖുദ്ദാമാണെങ്കിൽ ഖുദ്ദാമിന്റെ പരിപാടികളിലും പങ്കെടുക്കേണ്ട ആവശ്യമില്ലെന്നുള്ള ചിന്ത ചിലരുടെ മനസ്സിൽ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്; കാരണം തങ്ങളുടെ സംഘടന ഒരു പ്രത്യേക സംഘടനയായിരിക്കുന്നു. ആരുടെ എങ്കിലും മനസ്സിൽ ഇങ്ങനെയുണ്ടെങ്കിൽ ഇത് തികച്ചും തെറ്റായ ഭാവനയാണ്. ജമാഅത്തിന്റെ ഏത് അംഗവും എത്രത്തോളമെന്നാൽ ജമാഅത്തിന്റെ അമീറും തന്റെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉപസംഘടനയിലെ അംഗമാണ്.

അതുകൊണ്ട് വഖ്ഫെ നൗ അംഗങ്ങളായ എല്ലാ ആൺകുട്ടികളും പെൺകുട്ടികളും പ്രായത്തിന്റെ അടിസ്ഥാനത്തിൽ അവർ തങ്ങളുടെ ഉപസംഘടനയിലെ അംഗമാണെന്ന കാര്യം ഓർക്കേണ്ടതാണ്. അവരുടെ പരിപാടിയിൽ പങ്കെടുക്കേണ്ടത് നിർബന്ധമാണ്. പങ്കെടുക്കാത്തവരെ കുറിച്ച് ബന്ധപ്പെട്ട സദ്ർ റിപ്പോർട്ടു ചെയ്യേണ്ടതാണ്. ആ വഖ്ഫെ നൗ ശരിയാകുന്നില്ലെങ്കിൽ ആ ആൺകുട്ടിയെ അല്ലെങ്കിൽ പെൺകുട്ടിയെ അല്ലെങ്കിൽ യുവാവിനെ വഖ്ഫെ നൗസ്കീമിൽനിന്ന് പുറത്താക്കുന്നതാണ്. ചില ജമാഅത്തിന്റെ പരിപാടികളുണ്ട്, വഖ്ഫെ നൗയിന്റെ പരിപാടികളുണ്ട്, ഉപസംഘടനകളുടെ പരിപാടികളുണ്ട് പരസ്പരം ചേർന്ന് ഉപസംഘടനകൾ അവരുടെ പരിപാടികളും വഖ്ഫെ നൗക്കാർ അവരുടെ പരിപാടികളും ഒരേ സമയത്ത് നടത്താവുന്നതാണ്. പക്ഷേ, ക്ലാഷു(clash)ണ്ടാകാൻ പാടില്ല. ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വഖ്ഫെ നൗ ഞാൻ പറഞ്ഞതുപോലെ വലിയ സ്പെഷ്യലാണ്. പക്ഷേ, സ്പെഷ്യൽ ആകുന്നതിന് അല്ലാഹുവുമായുള്ള ബന്ധത്തിൽ മറ്റുള്ളവരെക്കാൾ ഉയർന്നവരാണെന്ന് സ്ഥാപിച്ചു കാണിക്കേണ്ടിവരും. അപ്പോഴാണ് അവർ സ്പെഷ്യൽ എന്ന് പറയപ്പെടുന്നത്. അവരുടെ ആരാധനകളുടെ നിലവാരം മറ്റുള്ളവരെക്കാൾ വളരെ ഉയർന്നതാകണം. അപ്പോൾ അവർ സ്പെഷ്യൽ എന്ന് പറയപ്പെടും. അവർ ഫർള് നമസ്കാരത്തോടൊപ്പം നഫ്ലുകളും നമസ്കരിക്കുന്നവരാകണം.അപ്പോൾ അവർ സ്പെഷ്യൽ എന്ന് പറയപ്പെടും. അവരുടെ പൊതുവെയുള്ള സൽസ്വഭാവങ്ങളുടെ നിലവാരം ഏറ്റവും ഉയർന്ന പദവിയിലുള്ളതാകണം. സ്പെഷ്യലാകുന്നതിനുള്ള ഒരു അടയാളമാണിത്. അവരുടെ സംഭാഷണങ്ങളിലും സംസാരങ്ങളിലും മറ്റുള്ളവരെ അപേക്ഷിച്ച് വളരെ വ്യത്യാസമുണ്ട്. ശുദ്ധമായ ശിക്ഷണം നേടിയവരും ദീനിനെ ദുൻയാവിനെക്കാൾ എല്ലാ അവസ്ഥയിലും മുന്തിക്കുന്നവരുമാണെന്ന് വ്യക്തമായും അറിയാൻ കഴിയുമ്പോഴാണ് സ്പെഷ്യലാകുന്നത്. പെൺകുട്ടികളാണെങ്കിൽ അവരുടെ വസ്ത്രവും അസൂയപ്പെടുംവിധമുള്ള യഥാർഥ ഇസ്ലാമിക പർദയുടെ മാതൃകയും മറ്റുള്ളവർ കണ്ടിട്ട് -ഈ ചുറ്റുപ്പാടിൽ കഴിഞ്ഞിട്ടും അവരുടെ വസ്ത്രവും പർദയും യഥാർഥത്തിൽ അസാധാരണമാതൃകയാണെന്ന് അവർ പറയുമ്പോഴാണ് സ്പെഷ്യലാകുന്നത്. ആൺകുട്ടികളാണെങ്കിൽ അവിടേയും ഇവിടേയും തെറ്റായ പ്രവൃത്തിയിലേക്ക് നോക്കിനടക്കാതെ അവരുടെ ദൃഷ്ടികൾ ലജ്ജ കാരണത്താൽ കുനിഞ്ഞതായിരിക്കുമ്പോഴാണ് സ്പെഷ്യലാകുന്നത്. ഇന്റർനെറ്റിലും മറ്റു വസ്തുക്കളിലും വ്യർഥമായി കാര്യങ്ങൾ കാണുന്നതിനുപകരം ആ സമയം ദീനീപരമായ അറിവുകൾ കരസ്ഥമാക്കുന്നതിന് ചെലവഴിക്കുന്നവരാകുമ്പോഴാണ് സ്പെഷ്യലാകുന്നത്. ആൺകുട്ടികളുടെ മുഖാകൃതി മറ്റുള്ളവരിൽനിന്ന് വ്യതിരിക്തമായിരിക്കുമ്പോഴാണ് സ്പെഷ്യലാകുന്നത്. വഖ്ഫെ നൗയിലെ ആൺകുട്ടികളും പെൺകുട്ടികളും നിത്യവും വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നവരും അതിലെ കല്പനകൾ അന്വേഷിച്ച് കണ്ടെത്തി അതനുസരിച്ച് പ്രവർത്തിക്കുന്നവരുമാകുമ്പോഴാണ് സ്പെഷ്യൽ എന്ന് പറയപ്പെടുന്നത്. ഉപസംഘടനകളുടേയും ജമാഅത്തിന്റേയും പരിപാടികളിൽ മറ്റുള്ളവരെക്കാളുപരിയും കൃത്യമായും പങ്കെടുക്കുന്നവരാകുമ്പോൾ അവർ സ്പെഷ്യലാണ്. മാതാപിതാക്കളോട് നല്ല നിലയിൽ പെരുമാറുകയും തങ്ങളുടെ മറ്റു സഹോദരിസഹോദരന്മാരെക്കാളധികം അവർക്കുവേണ്ടി ദുആചെയ്യുകയും ചെയ്യുമ്പോൾ അതൊരു പ്രത്യേകതയാണ്. വിവാഹബന്ധങ്ങൾ ഉറപ്പിക്കുന്ന നേരത്ത് ആൺകുട്ടികളും പെൺകുട്ടികളും ഭൗതികം നോക്കുന്നതിനു പകരം ദീൻ നോക്കുന്നവരും പിന്നീട് ആ ബന്ധം പൂർത്തിയാക്കുന്നവരും ആകുമ്പോഴാണ് സ്പെഷ്യലെന്ന് പറയപ്പെടുന്നത്. അവരിൽ സഹന ശക്തി മറ്റുള്ളവരെക്കാൾ അധികമായിരിക്കും. വഴക്ക്, കലഹം, ഫിത്ന, ഫസാദ് തുടങ്ങിയവ ഉണ്ടാകുമ്പോൾ അതിൽ നിന്ന് രക്ഷപ്പെടുന്നവരായിരിക്കും. എന്നല്ല അവിടെ രഞ്ജിപ്പുണ്ടാക്കുന്നവരാകുമ്പോഴാണ് സ്പെഷ്യലാകുന്നത്. പ്രബോധന രംഗത്ത് ഏറ്റവും മുന്നിൽ വന്ന് ആ നിർബന്ധ കടമ നിർവഹിക്കുന്നവരാകുമ്പോഴാണ് സ്പെഷ്യലാകുന്നത്. ഖിലാഫത്തിനോടുള്ള അനുസരണത്തിലും അതിന്റെ തീരുമാനം അനുസരിച്ച് പ്രവർത്തിക്കുന്നതിലും ഒന്നാം നിരയിലാണെങ്കിൽ സ്പെഷ്യലാണ്. മറ്റുള്ളവരെക്കാൾ കൂടുതൽ കഠിനാധ്വാനിയും ത്യാഗം ചെയ്യുന്നവരുമാണെങ്കിൽ തികച്ചും സ്പെഷ്യലാണ്. വിനയത്തിലും നിസ്വാർഥതയിലും എല്ലാവരെക്കാളും ഉയർന്നവരും അഹങ്കാരത്തോടു വെറുപ്പും അതിനെതിരിൽ പോരാടുന്നവരുമാണെങ്കിൽ വലിയ സ്പെഷ്യലാണ്. മാർഗദർശനം ലഭിക്കുന്നതിന് എം.ടി.എ യിൽ എന്റെ ഖുത്ബ കേൾക്കുന്നവരും എന്റെ പരിപാടികൾ കാണുന്നവരും വലിയ സ്പെഷ്യലുകളാണ്.

ഇക്കാര്യങ്ങളും അല്ലാഹുവിനിഷ്ടപ്പെട്ട മറ്റു കാര്യങ്ങളുമെല്ലാം ചെയ്യുന്നവരും അല്ലാഹുവിന് ഇഷ്ടപ്പെടാത്തതും അവൻ തടഞ്ഞിട്ടുള്ളതുമായ കാര്യങ്ങൾ ചെയ്യാത്തവരും തീർച്ചയായും സ്പെഷ്യലാണ്.എന്നല്ല ഏറെ സ്പെഷ്യലാണ്. ഇല്ലെങ്കിൽ നിങ്ങളും മറ്റുള്ളവരും തമ്മിൽ ഒരു വ്യത്യാസവുമില്ല. ഇത് മാതാപിതാക്കളും ഓർക്കേണ്ടതാണ്. ഈ രീതിയിൽ നിങ്ങളുടെ മക്കൾക്ക് ശിക്ഷണം നല്കേണ്ടതാണ്. കാരണം ഇക്കാര്യങ്ങളുണ്ടെങ്കിൽ ആ നേരത്ത് ലോകത്ത് വിപ്ലവം കൊണ്ടുവരുന്നതിനുള്ള മാർഗം അല്ലാഹു നിങ്ങളെ ആക്കിയിരിക്കുന്നു. ഇതില്ലെങ്കിൽ അക്കാരണത്താൽ ലോകം നിങ്ങളുടെ മാതൃകകൾ നോക്കുന്നവരല്ലെങ്കിൽ പിന്നെ എന്ത് സ്പെഷ്യലാണ്. എന്നല്ല നിങ്ങളുടെ പ്രതിജ്ഞകൾ പൂർത്തീകരിക്കാത്തതുകൊണ്ടും നിങ്ങളുടെ കൂറിന്റെ നിലവാരത്തിൽ പൂർണമായും ഇറങ്ങിച്ചെല്ലാത്ത കാരണത്താലും അല്ലാഹുവിന്റെ പക്കൽ നന്ദികെട്ടവരിലും കരാർ ലംഘിക്കുന്നവരിലും എണ്ണപ്പെടുന്നതുമാണ്.

അതിനാൽ തർബിയ്യത്തിന്റെ കാലഘട്ടത്തിലൂടെ കടന്നുപോകുന്ന നേരത്ത് ഇതിന്റെ അടിസ്ഥാനത്തിൽ അവരെ സ്പെഷ്യലാക്കേണ്ടത് മാതാപിതാക്കളുടെ ഉത്തരവാദിത്വമാണ്. അങ്ങനെ വലുതാകുമ്പോൾ ഈ വാഖ്ഫീനെ നൗ സ്വയം സ്പെഷ്യൽ ആണെന്നതിന്റെ നിലവാരത്തെ കരസ്ഥമാക്കുന്നവരാകണം.

ഞാൻ പറഞ്ഞിരുന്നതുപോലെ മതവിദ്യാഭ്യാസത്തിന്റെ കാലഘട്ടത്തിൽ, ഭൗതിക വിദ്യാഭ്യാസത്തിന്റെ കാലഘട്ടത്തിൽ, വിവിധ കാലഘട്ടങ്ങളിലൂടെ കടന്നുപോകുന്ന നേരത്ത് സ്വയം തീരുമാനിക്കുന്നതിനുപകരം ഏതു ലൈനിലാണ് പോകേണ്ടതെന്ന് ജമാഅത്തിനോടു ചോദിക്കുക. ലൈൻ തിരഞ്ഞെടുക്കുന്നതിനെ സംബന്ധിച്ച് ഞാൻമുമ്പേയും പറഞ്ഞതുപോലെ ആൺകുട്ടികൾ ജാമിഅകളിൽപ്പോയി മുബല്ലിഗും മുറബ്ബിയുമാകാൻ മുൻഗണന നല്കുക. ഇപ്പോൾ അവരുടെ ആവശ്യമാണുള്ളത്. ദൈവകൃപയാൽ ജമാഅത്ത് വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ജമാഅത്ത് സ്ഥാപിതമായി ദീർഘകാലം കഴിഞ്ഞിട്ടുള്ള സ്ഥലങ്ങളിൽമാത്രമല്ല ജമാഅത്ത് സ്ഥാപിതമായിക്കൊണ്ടിരിക്കുന്നത് പ്രത്യുത പുതിയ പുതിയ രാജ്യങ്ങളിലും അല്ലാഹു ജമാഅത്തുകൾ നല്കിക്കൊണ്ടിരിക്കുന്നു. അവിടെ ജമാഅത്ത് സ്ഥാപിതമായിക്കൊണ്ടിരിക്കുന്നു. നമുക്ക് ഓരോ രാജ്യത്തും ധാരാളം മുറബ്ബിമാരേയും മബല്ലിഗുമാരേയും ആവശ്യമുണ്ട്. പിന്നീട് നമ്മുടെ ആശുപത്രികളിലേക്ക് ഡോക്ടർമാരെ ആവശ്യമുണ്ട്. പാക്കിസ്താനിൽ, റബ്‌വയിൽ വിവിധ വകുപ്പുകളിൽ വിദഗ്ദ്ധരായ ഡോക്ടർമാരെ ആവശ്യമുണ്ട്. ഖാദിയാനിലെ ആശുപത്രിയിൽ ഡോക്ടർമാരെ ആവശ്യമുണ്ട്. ഇനി ഇവിടെനിന്ന് പോകാൻ കഴിയുന്നില്ലെങ്കിൽത്തന്നെ എന്റെ ഖുത്ബ കേൾക്കുന്ന ഓരോ നാട്ടിലേയും വഖ്ഫെനൗ ഈ ഭാഗത്തേക്ക് ശ്രദ്ധിക്കുക. വിദഗ്ദ്ധരായ ഡോക്ടർമാരെ ആവശ്യമുണ്ട്. നമ്മുടെ പക്കൽ വളരെ വലിയ വിടവാണുള്ളത്. വിദഗ്ദ്ധരായ ഡോക്ടർ വളരെ കുറവാണ്. ആഫ്രിക്കയിൽ ഡോക്ടർമാരുടെ ആവശ്യമുണ്ട്. എല്ലാ വകുപ്പിലുംപെട്ട ഡോക്ടർമാരെ ആവശ്യമുണ്ട്. ഇപ്പോൾ Guatemala (ഗ്വാട്ടിമാലയിൽ)വലിയ ആശുപത്രിയാണ് നിർമിച്ചുകൊണ്ടിരക്കുന്നത്. അവിടെ കാനഡയിൽനിന്നും പോകാൻ കഴിയുന്നതാണ്. ഇവിടേയും ഡോക്ടർമാരുടെ ആവശ്യമുണ്ട്. ഈ ആവശ്യങ്ങൾ ഭാവിയിൽ വർധിക്കുന്നതാണ്. ഇന്തോനേഷ്യയിൽ ആവശ്യമുണ്ട്. ജമാഅത്ത് വ്യാപിക്കുന്നതനുസരിച്ച് ഈ ആവശ്യങ്ങളും വർധിക്കുന്നതാണ്. അതുകൊണ്ട് സ്പെഷ്യലൈസ് ചെയ്ത്, ഈ രാജ്യങ്ങളിൽനിന്ന് ഉന്നതവിദ്യാഭ്യാസം കരസ്ഥമാക്കി പരിചയസമ്പന്നരായി, ഡോക്ടറായികൊണ്ടിരിക്കുന്ന വാഖ്ഫീനെ നൗ കുട്ടികൾ മുന്നോട്ടു വരേണ്ടതാണ്. ഏതു രാജ്യങ്ങളിൽ പോകാനാണോ എളുപ്പമുള്ളത് അവിടെ പോകേണ്ടതാണ്. നിങ്ങളെ സമർപിക്കുക. പിന്നീട് ജമാഅത്ത് അയക്കുന്നതാണ്. ഇപ്രകാരം തന്നെ സ്കൂളുകളിൽ ടീച്ചേഴ്സിനെ ആവശ്യമുണ്ട്. ഡോക്ടർമാർക്കും ടീച്ചേഴ്സിനുമായി പെൺകുട്ടികളേയും ആൺകുട്ടികളേയും പ്രയോജനപ്പെടുത്താവുന്നതാണ്. അതുകൊണ്ട് ഈ ഭാഗത്തേക്ക് ശ്രദ്ധിക്കുക. മസ്ജിദുകളുടേയും മിഷൻഹൗസുകളുടേയും സ്കൂളുകളുടേയും ആശുപത്രി തുടങ്ങിയവയുടേയും നിർമാണ പ്രവർത്തനങ്ങളുടെ ശരിയായ മേൽനോട്ടം വഹിച്ചും പ്ലാനിംഗ് ചെയ്തും ജമാഅത്തിന്റെ ധനം രക്ഷിക്കുന്നതിനും കുറഞ്ഞ ചെലവിൽ കൂടുതൽ നല്ല സൗകര്യങ്ങൾ ചെയ്യാനും നിർമാണ പ്രവൃത്തികളിൽ വിദഗ്ദ്ധരായ കുറച്ചു ആർക്കിടെക്റ്റുകളേയും എഞ്ചിനിയർമാരേയും വേണം. മെഡിക്കൽ സ്റ്റാഫും വേണം. അതിലും വരേണ്ടതുണ്ട്. ഇത് ചില പ്രധാന വകുപ്പകളാണ്. ഇവരെ ജമാഅത്തിന് ഇപ്പോൾ ആവശ്യമുണ്ട്. ഭാവിയിൽ ആവശ്യങ്ങൾ അവസ്ഥകളനുസരിച്ച് മാറിത്തിരിഞ്ഞു വരുന്നതുമാണ്.

ചില വാഖ്ഫീനെ നൗ അംഗങ്ങൾക്ക് ചില താൽപര്യങ്ങളും ചില വിഷയങ്ങളിൽ കൂടുതലുണ്ടാകാറുണ്ട്. എന്നോടു ചോദിക്കുമ്പോൾ ഞാൻ അവരുടെ താൽപര്യം കണ്ടുകൊണ്ട് പഠിക്കാൻ അവർക്ക് അനുവാദവും കൊടുക്കാറുണ്ട്. പക്ഷേ, സയൻസിലെ വിവിധവകുപ്പുകളിൽ റിസർച്ചനായും പോകാൻ ഞാൻ ഇവിടെ വിദ്യാർഥികളോടു പറയുകയാണ്. ഇതിൽ പൊതുവായ നിലയിൽ വാഖ്ഫീനെ നൗ അംഗങ്ങളും മറ്റു വിദ്യാർഥികളും ഉൾപ്പെടുന്നു. സയൻസിന്റെ വിവിധ വകുപ്പുകളുടെ റിസർച്ചിൽ നമ്മുടെ ഉന്നതരായ ശാസ്ത്രജ്ഞന്മാർ സൃഷ്ടിക്കപ്പെടേണ്ടതാണ്. ഭാവിയിൽ മതപരമായ അറിവ് കൊടുക്കുന്നവർ അഹ്മദിയാകുമ്പോൾ, മതപരമായ കാര്യങ്ങൾ പഠിക്കുന്നതിന് ലോകം നിങ്ങളെ ആശ്രയിക്കുമ്പോൾ അവിടെ ഭൗതിക അറിവ് പകർന്നുകൊടുക്കുന്നവരും അഹ്മദീ മുസ്ലീംകളായിരിക്കും. ലോകം നിങ്ങളെ ആശ്രയിക്കുന്നതാണ്. അത്തരം അവസ്ഥയിൽ വാഖ്ഫീനെ നൗ ഭൗതിക ജോലിയായിരിക്കും ചെയ്തുകൊണ്ടിരിക്കുന്നത് എന്നതിൽ സംശയമില്ല. പക്ഷേ, അവരുടെ ഉദ്ദേശ്യം ഈ അറിവും ജോലിയും മുഖേന അല്ലാഹുവിന്റെ ഏകത്വം ലോകത്തിനുമേൽ സ്ഥാപിക്കുക എന്നതായിരിക്കും. അവന്റെ ദീനിനെ വ്യാപിപ്പിക്കുക എന്നതായിരിക്കും.

ഇപ്രകാരംതന്നെ മറ്റു വകുപ്പുകളിലും വഖ്ഫെ നൗ അംഗങ്ങൾക്ക് പോകാവുന്നതാണ്. പക്ഷേ, എല്ലാവരും അറിഞ്ഞിരിക്കേണ്ട അടിസ്ഥാനപരമായ ഉദ്ദേശ്യം 'ഞാൻ വഖ്ഫെ സിന്ദഗിയാണ്, ഏതുസമയത്തും എന്നോടു ഭൗതികജോലി ഉപേക്ഷിച്ച് ദീനിന്റെ ആവശ്യത്തിനായി വരാൻ പറഞ്ഞാൽ ഒരു ഒഴികഴിവും പറയാതെ, ഒരു തന്ത്രവും കൂടാതെ ഞാൻ വരണം' എന്നതായിരിക്കണം. ഓരോ വാഖ്ഫെ നൗ അംഗവും ഓർത്തിരിക്കേണ്ട ഒരു സുപ്രധാനകാര്യം ഭൗതിക ജോലി ചെയ്യാൻ അവർക്കു അനുവാദം നല്കുന്നുണ്ട്. പക്ഷേ, ഈ ഭൗതിക ജോലി അവരെ അല്ലാഹുവിനെ ആരാധിക്കുന്നതിൽനിന്നും ദീനിന്റെ അറിവിൽനിന്നും സേവനത്തിൽ നിന്നും തടയുന്നതാകാൻ പാടില്ല. പ്രത്യുത മുൻഗണന അതിന്റെ ഉന്നതമായ നിലവാരത്തെ കരസ്ഥമാക്കുന്നതിനുള്ള ശ്രമ

# വിശ്വാസവേരിന്റെ ശക്തിയോടൊപ്പം സൽകർമത്തിന്റെ പച്ചയായ ശാഖകളാകേണ്ടതും നിർബന്ധമാണ്

### ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു:

“സൽക്കർമങ്ങളുടെ പച്ചയായ ശാഖകളുടേയും ഫലങ്ങളുടേയും മനോഹാരിത കാണിച്ചുകൊണ്ടിരിക്കുകയും അനുഗ്രഹം എത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യാത്തിടത്തോളം കേവലം വിശ്വാസത്തിന്റെ വാദവും പ്രകടനവും അതിന്റെ വേരു ശക്തമാണെന്ന പ്രഖ്യാപനവും ഒന്നിനും കൊള്ളാത്തതാണ്. ഈ മനോഹാരിതയും അനുഗ്രഹമെത്തിക്കലും ഉണ്ടാകുമ്പോൾ ലോകവും ശ്രദ്ധിക്കുന്നതാണ്. അതിനുചുറ്റം സംഘടിക്കുകയും ചെയ്യുന്നു. അതിന്റെ സംരക്ഷണത്തിനുള്ള ശ്രമവും ചെയ്യുന്നു. അതുകൊണ്ട് അല്ലാഹു എല്ലാ മുസ്ലീംകളോടും ഈമാൻ ശക്തിപ്പെടുത്തുക എന്നു മാത്രമല്ല പറഞ്ഞത്. പ്രത്യുത ഈമാനെ കുറിച്ചു പറഞ്ഞിട്ടുള്ള എല്ലാ സ്ഥലങ്ങളിലും ഈമാനെ സൽകർമത്തോടു ബന്ധപ്പെടുത്തിയാണ് പറഞ്ഞിട്ടുള്ളത്. ഈ അവസ്ഥ ഉണ്ടാക്കുന്നതിന് അല്ലാഹു തന്റെ നബിമാരെ അയക്കുന്നു. ഈ അവസ്ഥ മുഅ്മിനീംകളിലുണ്ടാകുന്നത് കാലത്തിന്റെ നബിയുമായി ബന്ധമുണ്ടാകുമ്പോഴാണ്. ഞാൻ പറഞ്ഞതുപോലെ ദീനിന്റെപേരിലും ഈമാന്റെ പേരിലും തങ്ങളുടെ 'ശക്ത'മായ വേരുകളുടെപേരിലും വാദമുന്നയിക്കുന്ന വലിയ വലിയ സംഘങ്ങളുണ്ട്. പക്ഷേ, എന്താണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്? അവരുടെ പരസ്പരമുള്ള വിദ്വേഷങ്ങൾ വർധിക്കുന്നുവെന്ന് മാത്രമല്ല ഒരു ഗ്രൂപ്പ് മറ്റേ ഗ്രൂപ്പിന്റെമേൽ തങ്ങളുടെ ശ്രേഷ്ഠത സ്ഥാപിക്കുന്നതിനുവേണ്ടി അനുവദനീയവും അനുവദനീയമല്ലാത്തതുമായ എന്തെന്തെല്ലാം ശ്രമങ്ങളും അക്രമങ്ങളും ചെയ്യാൻ കഴിയുമോ ചെയ്തുകൊണ്ടിരിക്കുന്നു. എന്നല്ല ഇക്കാരണത്താൽ അമുസ്ലീംകളും പരിഭ്രാന്തരായി ഇസ്ലാമിനെ ഭയപ്പെട്ടുകൊണ്ടിരിക്കുന്നു. അമുസ്ലീംകളെ സ്നേഹംകൊണ്ട് പൊതിഞ്ഞ മതമായിരുന്നു അത്. മുസ്ലീം സർക്കാറുകളെ സംരക്ഷിക്കുന്നതിനുവേണ്ടി മുസ്ലീംകളുടെ കൂടെനിന്ന് പൊരുതാൻ തയ്യാറായിരുന്നവരായിരുന്നു അമുസ്ലീംകൾ. ആ മതത്തിന്റെ ഇന്നത്തെ അവസ്ഥ മറ്റുള്ളവരെ എന്ത് ആകർഷിക്കാനാണ്. മുസ്ലീംകളുടെ പരസ്പരമുള്ള അവസ്ഥ തന്നെ സൽകർമങ്ങളുടെ കുറവുകൊണ്ട് ഖുലൂബുഹും ശത്താ(59:15)യുടെ ദൃശ്യം അവതരിപ്പിച്ചുകൊണ്ടിരിക്കുന്നു. അതായത് അവരുടെ ഹൃദയങ്ങൾ വിഭിന്നങ്ങളാണ്.

ഇന്ന് ആ ശരിയായ കർമങ്ങളുടെ ചിത്രം അവതരിപ്പിക്കേണ്ടത് ഇക്കാലത്തെ ഇമാമിനേയും നബിയേയും വിശ്വസിച്ചിട്ടുള്ള എല്ലാ അഹ്മദികളുടേയും ജോലിയാണ്. അല്ലാഹു നട്ട മരം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തു തന്നെയാണ്. അതിന്റെ വേരുകൾ ശക്തമാണ്. അതിന്റെ ശാഖകളും പച്ചയാണ്. മനോഹരവും ഫലദായകവുമാണ്. അത് ലോകത്തെ തന്നിലേക്ക് ആകർഷിക്കുന്നു. ഇതെല്ലാം ഹദ്റത്ത് മസീഹ് മൗഊദ്(അ)നമുക്ക് യഥാർഥ ഇസ്ലാമിന്റെ അധ്യാപനം പറഞ്ഞുതന്നിരിക്കുന്നതുകൊണ്ടാണ്. നമ്മെ നബി(സ)തിരുമേനിയുടെ ജീവിതമാതൃകയിലൂടെ നടക്കുന്നതിന് പ്രേരിപ്പിച്ചു. സമ്മർദം ചെലുത്തി. ശ്രദ്ധ തിരിച്ചു. അതിന്റെ പ്രാധാന്യം വ്യക്തമാക്കി.

വേരുകൾ ശക്തമായിട്ടുള്ളതും ശാഖകൾ പച്ചയായി നിലനില്ക്കുന്നതും മനോഹരവും ഫലദായകവുമായത് അഹ്മദിയ്യാ ജമാഅത്തു തന്നെയാണ്. അത് ലോകത്തെ തന്നിലേക്ക് ആകർഷിച്ചെടുക്കുന്നു. നിങ്ങൾ സമർപിക്കുന്ന ഈ ഇസ്ലാം ഏതു ഇസ്ലാമാണെന്ന് ഈ മരത്തെ കണ്ടുകൊണ്ട് ലോകത്തിലെ വിവിധ ഭാഗങ്ങളിൽ വസിക്കുന്ന ജനങ്ങൾ ചോദിക്കുന്നു. യഥാർഥ ഇസ്ലാമിന്റെ മനോഹാരിത കണ്ടിട്ട് ജനങ്ങൾ അത്ഭുതപ്പെട്ടുപോകുന്ന ഒരുപാട് സംഭവങ്ങൾ മുന്നിൽവന്നുകൊണ്ടിരിക്കുന്നു.

ആഫ്രിക്കയിൽ ഒരിടത്ത് ഒരു മസ്ജിദ് ഉൽഘാടനം നടക്കുകയായിരുന്നു. അവിടത്തെ ചീഫ് ക്രിസ്ത്യാനിയായിരുന്നു. അദ്ദേഹത്തേയും ക്ഷണിച്ചിരുന്നു. അദ്ദേഹവും പങ്കെടുത്തു. അദ്ദേഹം പറഞ്ഞു: 'ഞാനിവിടെ നിങ്ങളുടെ സ്നേഹം കൊണ്ടു വന്നതല്ല. ഇക്കാലഘട്ടത്തിൽ തങ്ങളുടെ മസ്ജിദിന്റെ ഉൽഘാടനത്തിന് അമുസ്ലിമിനേയും ക്രിസ്ത്യാനിയേയും ക്ഷണിച്ച ഇവർ എങ്ങനെയുള്ള മുസ്ലീംകളാണെന്ന് നോക്കാൻ വേണ്ടിമാത്രമാണ് ഞാൻ വന്നത്. ഇവിടെ വന്ന് ഇതൊക്കെ കണ്ടിട്ട് എനിക്ക് കൂടുതൽ അത്ഭുതമായി. ഇവിടെ വിവിധ മതക്കാർ സംഘടിച്ചിരിക്കുന്നു. അഹ്മദി സ്വയം മുസ്ലീംകളായിരുന്നിട്ടും ഉത്തമമായ ധാർമികഗുണങ്ങൾ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നു. അത് നിരുപമമാണ്. ചെറിയവരാകട്ടെ വലിയവരാകട്ടെ സമ്പന്നരാകട്ടെ ദരിദ്രരാകട്ടെ എല്ലാവരോടും ഇവർ സ്നേഹത്തോടും അനുരക്തിയോടുംകൂടി പെരുമാറിക്കൊണ്ടിരിക്കുന്നു. ഒരിടത്തും കാണാത്ത ബന്ധങ്ങളും ഉത്തമമായ ധാർമികഗുണങ്ങളുമാണ് ഇവിടെ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നത്.' പിന്നീട് ആ ചീഫ് പറഞ്ഞു: 'ഇത്തരം മസ്ജിദുകളും ഇത്തരം ഇസ്ലാമുമാണ് ഇന്ന് കാലത്തിനു ആവശ്യം.' അദ്ദേഹം പറഞ്ഞു: 'ഇസ്ലാമിനെക്കുറിച്ചുള്ള എന്റെ സന്ദേഹങ്ങളും സംശയങ്ങളും അകന്നിരിക്കുന്നു.' വീണ്ടും അദ്ദേഹം പറഞ്ഞു: 'നിങ്ങൾ ഈ പ്രദേശത്തിന് ഒരു പുതിയ മസ്ജിദല്ല നല്കിയത്. പ്രത്യുത ഞങ്ങൾക്കൊരു പുതുജീവിതമാണ് നല്കിയത്. ജീവിതത്തിന്റെ ഉന്നത മൂല്യങ്ങളുടെ രീതികൾ പഠിപ്പിച്ചു....”

പറഞ്ഞു:' കാലത്തിന്റെ ഇമാമിനെ വിശ്വസിച്ച കാരണത്താൽ ശക്തമായ ഈമാനോടുകൂടി പച്ചശാഖകളായിത്തീരേണ്ടത് എല്ലാ അഹ്മദികളുടേയും നിർബന്ധ കടമയാണ്. പച്ച ശാഖകളുടെ മനോഹരമായ ഇലകളായിത്തീരുക. അതിൽ പിടിക്കുന്ന മനോഹമായ പുഷ്പവും കനിയുമായിത്തീരുക. അതു ലോകത്തിന് മനോഹരമായി ദൃശ്യമായാൽ മാത്രംപോര മറിച്ച് അനുഗ്രഹമെത്തിക്കുന്നതുമായിരിക്കണം.”

(അൽഫള്ൽ ഇന്റർ നാഷണൽ 2014 ഒക്ടോബർ 10 പേജ് 5 - 6)
- നിള്വാറത്ത് ഇസ്ലാഹ് വ ഇർശാദ് മർക്കസിയ ഖാദിയാൻ.

---

മായിരിക്കണം. വിശുദ്ധ ഖുർആനിന്റെ വ്യാഖ്യാനവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളും വായിക്കേണ്ടത് എല്ലാ വഖ്ഫെനൗ അംഗങ്ങൾക്കും നിർബന്ധമാണ്. വഖ്ഫെ നൗ വകുപ്പ് 21 വയസ്സുവരെയുള്ളവർക്ക് സിലബസ്സ് ഉണ്ടാക്കിയിട്ടുണ്ട്. അത് നിലവിലുണ്ട്. അതിനുശേഷം സ്വയം തങ്ങളുടെ മതപരമായ വായന വർധിപ്പിക്കേണ്ടത് നിർബന്ധമാണ്.

നിങ്ങൾ എത്രകണ്ട് ഉപദേശത്തിലൂടെ ശിക്ഷണം നല്കിയാലും നിങ്ങളുടെ വാക്കും പ്രവൃത്തിയും അതനുസരിച്ച് ആക്കാത്തിടത്തോളം അതിന് സ്വാധീനമുണ്ടാകുകയില്ലെന്ന് മാതാപിതാക്കളോടും ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. മാതാപിതാക്കൾ തങ്ങളുടെ നമസ്കാരങ്ങളുടെ അവസ്ഥകളെ മാതൃകയോഗ്യമാക്കേണ്ടിവരും. വിശുദ്ധ ഖുർആൻ പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും തങ്ങളുടെ മാതൃക സ്ഥാപിക്കേണ്ടിവരും. ഉത്കൃഷ്ട സ്വഭാവങ്ങൾക്ക് മാതൃകയാകേണ്ടിവരും. മതപരമായ അറിവ് കരസ്ഥമാക്കുന്നതിന് സ്വയവും ശ്രദ്ധിക്കേണ്ടിവരും. കളവിനോടുള്ള വെറുപ്പിന്റെ ഉന്നതമായ മാതൃക സ്ഥാപിക്കേണ്ടിവരും. ചില ഭാരവാഹികളിൽനിന്ന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായിട്ടുണ്ടെങ്കിൽ വീടുകളിലും മറ്റും ഖിലാഫത്ത് വ്യവസ്ഥിതിക്കെതിരേയോ ഭാരവാഹികൾക്കെതിരേയോ സംസാരിക്കുന്നതിൽനിന്ന് മാറിനില്ക്കേണ്ടിവരും. എം.ടി.എയിൽ കുറഞ്ഞ പക്ഷം എന്റെ ഖുത്ബകൾ മുടങ്ങാതെ കേൾക്കേണ്ടതാണ്. ഇത് വെറും വാഖ്ഫീനെ നൗ കുട്ടികളുടെ മാതാപിതാക്കൾക്കു മാത്രമല്ല നിർബന്ധം. മറിച്ച് തങ്ങളുടെ മക്കൾ ജമാഅത്തു വ്യവസ്ഥിതിയുമായ ബന്ധപ്പെട്ടിരിക്കണമെന്ന് ആഗ്രഹിക്കുന്ന മാതാപിതാക്കൾ തങ്ങളുടെ വീടിനെ അഹ്മദീ വീടാക്കേണ്ടതാണ്. ലൗകികരുടെ വീടാക്കരുത്. ഇല്ലെങ്കിൽ അടുത്ത തലമുറ ഭൗതികതയിൽ പതിച്ച് അഹ്മദിയ്യത്തിൽനിന്ന് ദൂരപ്പെട്ടുപോകുമെന്നു മാത്രമല്ല അല്ലാഹുവിൽനിന്നും അകന്നുപോകുന്നതാണ്. തങ്ങളുടെ ദുൻയാവും ആഖിറത്തും രണ്ടും തകർത്തുകളയുന്നതാണ്.

വഖ്ഫെ നൗ കുട്ടികൾ മാത്രം അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നവരും തഖ്വയിലൂടെ നടക്കുന്നവരുമാകാതെ അവരുടെ സ്നേഹിതരുടെ കർമവും അവരെ എല്ലാതരം ദുഷ്പേരിൽനിന്ന് രക്ഷിക്കുന്നതാകാൻ അല്ലാഹു അനുഗ്രഹിക്കട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ആവർത്തിച്ചാവർത്തിച്ച് പറയുകയും നമ്മെ ഉപദേശിക്കുകയും ചെയ്ത ആ യാഥാർഥ അഹ്മദിയാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അങ്ങനെ നമ്മൾ ലോകത്ത് എത്രയും പെട്ടെന്ന് അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്ലാമിന്റെ പതാക ഉയരുന്നത് കാണുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിടത്ത് നമ്മെ ഉപദേശിച്ചുകൊണ്ട് പറയുന്നു: “മനുഷ്യൻ ഒന്നുരണ്ട് ജോലിചെയ്തിട്ട് താൻ അല്ലഹുവിനെ തൃപ്തനാക്കി എന്നു കരുതുന്നു. വാസ്തവത്തിൽ അതു നടക്കുകയില്ല.” പറഞ്ഞു:'അനുസരണം ഒരു വലിയ പ്രയാസമുള്ള കാര്യമാണ്. ആദരണീയരായ സ്വഹാബാക്കളുടെ അനുസരണം, യഥാർഥ അനുസരണമായിരുന്നു. അതിന്റെ മാതൃക നമ്മുടെ മുമ്പിലുണ്ട്.' പറയുന്നു:'അനുസരണം ഒരു എളുപ്പമായ കാര്യമാണോ? പൂർണമായ നിലയിൽ അനുസരിക്കാത്തവൻ ഈ ജമാഅത്തിന് ദുഷ്പേരുണ്ടാക്കുന്നവനാണ്. കല്പന ഒന്നു മാത്രമല്ല. മറിച്ച് ധാരാളം കല്പനകളുണ്ട്. സ്വർഗത്തിന് ധാരാളം കവാടങ്ങളുള്ളതുപോലെ- ചിലർ ചിലതിലൂടെ കടക്കും ചിലർ വേറെ ചിലതിലൂടെ കടക്കും-നരകത്തിനും ധാരാളം കവാടങ്ങളുണ്ട്. നിങ്ങൾ നരകത്തിന്റെ ഒരു കവാടം അടച്ചുവെക്കുമ്പോൾ മറ്റൊന്ന് തുറന്നു വെക്കുന്നവരാകരുത്.'(മൽഫൂദാത്ത് വാല്യം 4 പേജ് 73-74 1985 ലണ്ടൻ പതിപ്പ്)

വീണ്ടും അവിടന്ന് പറയുന്നു: 'മനുഷ്യൻ ബയ്അത്ത് ചെയ്തിട്ട് ഈ ജമാഅത്ത് സത്യമാണെന്ന് വിശ്വസിച്ചാൽ മാത്രം പോര; ഇത്രമാത്രം വിശ്വസിച്ചാൽ ബർക്കത്തുണ്ടാകുമെന്ന് വിചാരിക്കരുത്. സൽക്കർമങ്ങളില്ലാതെ വെറും വിശ്വസിക്കുന്നതുകൊണ്ട് അല്ലാഹു സന്തോഷിക്കുകയില്ല. ഈ ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ളസ്ഥിതിക്ക് സാത്വികനാകാനും മുത്തഖിയാകാനും ശ്രമിക്കുക. എല്ലാ തിന്മകളിൽനിന്നും രക്ഷപ്പെട്ടുകൊള്ളുക. നാവുകളെ മൃദുലമാക്കിവെക്കുക. ഇസ്തിഗ്ഫാർ ചെയ്യുന്നത് മാമൂലാക്കുക. നമസ്കാരങ്ങളിൽ ദുആ ചെയ്യുക.'(മൽഫൂദാത്ത് വാല്യം 4പേജ് 274 1985 ലണ്ടൻ പതിപ്പ്)

അല്ലാഹു നമുക്കെല്ലാവർക്കും ഈ ഉപദേശങ്ങളനുസരിച്ച് പ്രവർത്തിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. നമ്മളും നമ്മുടെ സന്താനങ്ങളും നന്മയിലും ഭക്തിയിലും നിലകൊള്ളുന്നവരാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മിഷനെ പൂർത്തിയാക്കുന്നവരാകട്ടെ.

## ഇർശാദുന്നബ്വി(സ)

അല്ലാഹു പറയുന്നു:“എന്റെ അടിമകളേ! ഞാൻ സന്മാർഗദർശനം ചെയ്തില്ലെങ്കിൽ നിങ്ങളെല്ലാം വഴിപിഴച്ചവരാണ്. നിങ്ങളെന്നോടു ഹിദായത്ത് തേടുക. ഞാൻ ഹിദായത്ത് നല്കുന്നതാണ്.”
(മുസ്ലിം)

**ത്വാലിബെ ദുആ:**
**അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.**

## ഇർശാദുന്നബ്വി(സ)

അല്ലാഹു പറയുന്നു:“എന്റെ അടിമകളേ! നിങ്ങളുടെ പ്രവർത്തനങ്ങളെല്ലാം ഞാൻ രേഖപ്പെടുത്തുന്നുണ്ട്. പിന്നീട് നിങ്ങൾക്കതിന്റെ പ്രതിഫലം ഞാൻ പൂർത്തീകരിച്ചു തരും.' (മുസ്ലിം)

**ത്വാലിബെ ദുആ:**
**കെ.ടി.മഹ്മൂദ്, കൊടിയത്തൂർ.**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)

ബദ്ർ വീക്കിലി ഖാദിയാൻ | The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-1 Thursday 01 December Issue-39

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

بسم الله الرحمن الرحيم نحمده ونصلي على رسوله الكريم وعلى عبده المسيح الموعود

ഹർ തരഫ് ആവാസ് ദേനാ
ഹെ ഹമാരാ കാമ് ആജ്
ജിസ് കി ഫിതറത്ത് നേക് ഹെ
ആയേഗാ വൊ അഞ്ചാമ് കാർ
(ദുർരെ ഥമീൻ)

لا اله الا الله محمد رسول الله

അല്ലാഹു അല്ലാതെ ഒരു ആരാധ്യനുമില്ല.
മുഹമ്മദു(സ)അല്ലാഹുവിന്റെ റസൂലാകുന്നു.

ആവോ ലോഗോ കെ യഹീ
നൂറെ ഖുദാ പാവോഗേ
ലോ തുംഹേ തൗർ തസല്ലീ
കാ ബതായാ ഹംനേ
(ദുർരെ ഥമീൻ)

**MONDAY 26TH - TUESDAY 27TH - WEDNESDAY 28TH DECEMBER 2016**

# 122nd JALSA SALANA

## ANNUAL CONVENTION QADIAN

(ജൽസ തുടങ്ങിയിട്ട് 125-ാം വർഷം)

**അഖിലേന്ത്യാ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ 122-ാമത് ജൽസസാലാന**

جلسہ سالانہ

അല്ലാഹുവിന്റെ മഹത്തായ ശക്തിപ്രഭാവങ്ങളുടെ ഒരു അടയാളം

**സത്യാന്വേഷണത്തിനും ഇസ്‌ലാമികാധ്യാപനവും അഹ്മദിയ്യത്തിന്റെ സത്യസാക്ഷ്യവും അറിയുന്നതിനുമുള്ള ഉത്തമാവസരം.**

**At:
Mohallah Ahmadiyya
Qadian.**

**2016 ഡിസംബർ 26 (തിങ്കൾ) 27 (ചൊവ്വ) 28 (ബുധൻ)**

**ഖാദിയാൻ മൊഹല്ലയിൽ**

**"ഈ ജൽസയെ സാധാരണ ജൽസകളെപ്പോലെ കണക്കാക്കരുത്. നിർമലമായ ദൈവപിന്തുണയിലും ഇസ്‌ലാമിന്റെ കലിമയുടെ ഉന്നതിയിലുമാണ് ഇതിന്റെ അടിത്തറ."**
**(മജ്മൂഅ ഇശ്തിഹാറാത്ത് വാല്യം 1 പേജ് 341 1892 ഡിസംബർ 7)**

## PROGRAM

**Besides the faith inspiring concluding address of Hazrat Mirza Masroor Ahmad Khalifatul Masih V[aba] The Supreme Head of the world wide Ahmadiyya Muslim Jamaat which is filled with deep insights and profound understanding will be telecast live on Wednesday afternoon 28 Dec. 2016, there will also be discourses by erudite scholars of Jamaat on the following topics.**

1. The Existence of God – (The concept of Oneness of God in World Religions).
2. The life and character of The Holy Prophet[SA] (from the perspective of Dispensation of justice & equity)
3. The life and character of The Promised Messiah[AS] (His passionate devotion to The Holy prophet[SA])
4. The Truthfulness of The Promised Messiah[AS] (In The light of sighs of divine support)
5. The life of The blessed companions[RA] (Hadhrat Abu Hurairah[RA] and Hadhrat Shaikh Yaqoob Ali Irfani sahib[RA])
6. Dawatilalallah (calling unto The way of Allah) and The Responsibilities of Jamaat Ahmadiyya.
7. The Unity of The Muslims and The Establishment of Global Peace are subject to The Khilafat established in The footstep of Prophethood
8. Upholding the honour of The Religious Founders is The only guarantor of global peace (in The light of The message of peace) (Speech in Punjabi)
9. The significance of The institution of Wasiyyat and its blessings (in The light of The faith inspiring incidents described by Hadhrat Amirul Momineen khalifatul Masih V[th] aba.)
10. Obedience to The institution of Khilafat and its blessings
11. Ahmadiyyat –The true Islam – (atrocities perpetrated on The Ahmadiyya Jamaat and The steadfastness and endurance exhibited by its members. )
12. The Ahmadiyya Jamaat and its Services rendered for The Holy Quran.

## പരിപാടികൾ

**അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ്[അയ്യദഹുല്ലാഹു] ത്തആലായുടെ വൈജ്ഞാനികവും ഈമാൻ ദൃഢീകരിക്കുന്നതുമായ സമാപനപ്രഭാഷണത്തിനു (28ന് ബുധനാഴ്ച ഉച്ച കഴിഞ്ഞ്) പുറമെ താഴെ കാണുന്ന വിഷയങ്ങളിൽ ജമാഅത്തിന്റെ ഉലമാ പ്രഭാഷണങ്ങൾ നടത്തുന്നതായിരിക്കും.**

1. ദൈവാസ്തിക്യം (ദൈവത്തിന്റെ ഏകത്വവും ആഗോളമതങ്ങളും)
2. നബി(സ)ചരിതം (നീതിയുടേയും ന്യായത്തിന്റേയും വെളിച്ചത്തിൽ)
3.വാഗ്ദത്ത മസീഹ്(അ)ന്റെ ജീവചരിത്രം (നബി(സ)തിരുമേനിയോടുള്ള വാഗ്ദത്ത മസീഹിന്റെ അനുരാഗപരമായ വികാരം).
4.വാഗ്ദത്ത മസീഹിന്റെ സത്യസാക്ഷ്യം (ദൈവസഹായങ്ങളുടെ വെളിച്ചത്തിൽ).
5.സ്വഹാബാക്കളുടെ(റ) ചരിത്രം (ഹദ്റത്ത് അബുഹുറയ്റ(റ), ഹദ്റത്ത് ശേയ്ഖ് യഅ്ഖൂബലി സാഹിബ് ഇർഫാനീ സാഹിബ്(റ))
6. ദഅ്‌വത്തെ ഇലല്ലായും അഹ്മദിയ്യാ ജമാഅത്തിന്റെ ഉത്തരവാദിത്വങ്ങളും
7. മുസ്‌ലീംകളുടെ ഐക്യവും ലോകസമാധാനത്തിന്റെ സ്ഥാപനവും നിബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുന്നു.
8. മതഗുരുക്കന്മാരെ ആദരിക്കലാണ് ലോകസമാധാനത്തിന് ജാമ്യം. (പേഗാമേ സുൽഹ് എന്ന ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ- പഞ്ചാബി ഭാഷയിൽ)
9. വസിയ്യത്ത് വ്യവസ്ഥിതിയുടെ പ്രാധാന്യവും അനുഗ്രഹങ്ങളും (ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് വിവരിച്ച സംഭവങ്ങളുടെ വെളിച്ചത്തിൽ)
10. ഖിലാഫത്ത് വ്യവസ്ഥിതിയോടുള്ള അനുസരണവും അതിന്റെ അനുഗ്രഹങ്ങളും.
11. അഹ്മദിയ്യത്ത് യഥാർഥ ഇസ്‌ലാം (അഹ്മദിയ്യാ ജമാഅത്തിന്റെ മേലുള്ള അതിക്രമങ്ങളും ജമാഅത്തംഗങ്ങളുടെ ക്ഷമയും സ്ഥൈര്യവും)
12. അഹ്മദിയ്യാ ജമാഅത്തും വിശുദ്ധ ഖുർആന്റെ സേവനവും.

ജൽസ സാലാനയുടെ ഒരു യോഗം സർവമത സമ്മേളനമായി നടക്കുന്നതാണ്. ഇൻശാഅല്ലാഹ്

പ്രസംഗങ്ങളുടെ തത്സമയ പരിഭാഷ അറബി, ഇംഗ്ലീഷ്, ബംഗ്ലാ, മലയാളം, തമിഴ്, കന്നഡ, തെലുങ്കു തുടങ്ങിയ ഭാഷകളിൽ ഉണ്ടായിരിക്കുന്നതാണ്.

**അടിയന്തിര നോട്ട്:** 1. വിദേശത്തുനിന്നും പ്രതിനിധികൾ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2. പ്രസംഗമധ്യേ ആർക്കും ചോദ്യം ചോദിക്കാൻ അനുവാദമുണ്ടായിരിക്കുന്നതല്ല. 3. നമ്മുടെ സമ്മേളനം ആത്മീയവും മതപരമായതുമാണ്. ഈ പരിപാടിക്ക് രാഷ്ട്രീയവുമായി ഒരു ബന്ധവുമില്ല.

**ക്ഷണിക്കുന്നത്: നാളിർ ഇസ്‌ലാഹ് വ ഇർശാദ് ഖാദിയാൻ ഗുരുദാസ്പൂർ ജില്ല പഞ്ചാബ് ഭാരത് പിൻകോഡ്: 143 516**

**Contact Address : NAZIR ISLAH-O-IRSHAD, QADIAN, GURDASPUR DISTRICT, PUNJAB, PIN-143516**

Ph. (O) 01872-500980, Fax. 500977, Mob. 9417730907, 9417485781, 9878047444, Toll Free 180030102131

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin